അദ്ധ്യായം -ഒന്ന്

# കവി, കവിത, സമൂഹം, പ്രത്യയശാസ്ത്രം

കവിക്ക് സാഹിത്യകാരൻ എന്നാണ് പൊതുവായ അർത്ഥം. കവനം ചെയ്യുന്നവൻ കവി, അയാളുടെ കർമ്മം കാവ്യം. ഭാരതീയ ചിന്തകന്മാർ കവിയെ സർവ്വജ്ഞനെന്നും ഋഷിയെന്നും സ്രഷ്ടാവെന്നുമൊക്കെ വിശേഷിപ്പിച്ചിട്ടുണ്ട്. ഋഷിയല്ലാത്തവൻ കവിയല്ല. ഋഷിയാകുന്നതോ ദർശനം കൊണ്ടും.[1] ഋഷിയുടെ ദർശനത്തിനു തുല്യമായ വീക്ഷണം ഉള്ളവൻ മാത്രമെ കവിയാകു എന്ന് ആചാര്യമതം കവിയുടെ ക്രാന്തദർശിത്വത്തിലാണ് ഊന്നുന്നത്.

കവിത പഠിക്കുമ്പോൾ അതെഴുതിയ കവിയെ ക്കുറിച്ചും അയാൾ ജീവിച്ചിരുന്ന കാലഘട്ടത്തെക്കുറിച്ചും അന്വേഷിക്കേണ്ടതില്ല എന്നൊരഭിപ്രായം പാശ്ചാത്യ സാഹിത്യ വൃത്തങ്ങളിൽ സിദ്ധാന്തദശ പ്രാപിച്ചുകൊണ്ടിരിക്കുന്നു. കവിത സ്വയം പര്യാപ്തമാണെന്നും (Autonomous) കവിത എന്താണെന്നല്ലാതെ കവിത എന്തു പറയുന്നു എന്ന് ആരായുക പഠിതാവിന്റെ കടമയല്ലെന്നും ഒരു കൂട്ടർ വാദിക്കുന്നു.[2] ഈ പഠനം രചയിതാവിന്റെ പ്രത്യയശാസ്ത്രാഭിമുഖ്യം കണ്ടെത്താനുള്ള ഉദമ്യമാകുമ്പോൾ മേൽപ്പറഞ്ഞ വാദം സ്വീകരിക്കുക വയ്യ. സാഹിത്യകാരന്റെ കാലം, രചനയ്ക്കു പ്രേരിപ്പിച്ച അനുഭവങ്ങൾ, ലക്ഷ്യങ്ങൾ, രചനാവേളയിൽ സ്വാധീനിച്ചിരിക്കാവുന്ന സംഭവങ്ങളും പ്രത്യയശാസ്ത്രങ്ങളുമെല്ലാം കണ്ടെത്തേണ്ടിവരിക ഇത്തരമൊരു പഠനത്തിന് ആവശ്യമാണ്. ഇവിടെ പഠനവിധേയരാകുന്ന കവികൾ രണ്ടും ശ്രീ. വയലാർ രാമവർമ്മയും ശ്രീ ഒ. എൻ.വി യും - ഇരുപതാം നൂറ്റാണ്ടിന്റെ സന്തതികളാണെന്നിരിക്കെ, അവരുടെ കാലഘട്ടത്തിലെ സാമൂഹ്യ, സാംസ്കാരിക, സാഹിത്യരംഗങ്ങളിലെ പ്രത്യേകതകളെക്കുറിച്ചും അന്വേഷിക്കേണ്ടിയിരിക്കുന്നു.

**<u>സാമൂഹ്യ-സാംസ്കാരികരംഗം</u>**

പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം ഇന്ത്യയിൽ പൊതുവെ പ്രബുദ്ധതയുടെ കാലമായിരുന്നു. അത് ജീവിതത്തിന്റെ സമസ്തമേഖലകളെയും സ്വാധീനിച്ചു എന്നു മാത്രമല്ല, യാഥാസ്ഥിതിക സാമൂഹികഘടനയെ പിടിച്ചുലയ്ക്കാനും സമൂലമായ പരിവർത്തനത്തിനു വിധേയമാക്കാനും സഹായിച്ചു. ശാശ്വതങ്ങളും

---

1. *'നാ നൃഷി കവിരിത്യുക്തം*
*ഋഷിശ്ച കില ദർശനാത് '- കാവ്യകൗതുകം - ഭട്ടതൗതൻ.*

2. *ഡി.ബെഞ്ചമിൻ, . - David Daiches - Critical approaches is literature. Quoted by - ജിയുടെ ഭാവഗീതങ്ങൾ - ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - 1988 - പുറം 1.*

അനിഷേധ്യങ്ങളുമെന്നു കരുതിയിരുന്ന വിശ്വാസപ്രമാണങ്ങളും ആചാരവിശേഷങ്ങളുമൊക്കെ മാറ്റി മറിക്കുകയും ജീവിതവീക്ഷണത്തിലും ശൈലിയിലും വമ്പിച്ച പരിവർത്തനങ്ങൾ വരുത്തുകയും ചെയ്തു. പ്രാദേശികഭാഷാസാഹിത്യത്തിലും അതിന്റെ പ്രതിഫലനം ഉണ്ടായി. നവീനവിദ്യാഭ്യാസമായിരുന്നു ഇതിന്റെ പിന്നിലെ പ്രേരകശക്തി. കലാശാലാനിലവാരത്തിൽ ഇംഗ്ലീഷിനു സിദ്ധിച്ച പ്രാധാന്യം വിദ്യാഭ്യാസരംഗത്ത് വിപ്ളവകരമായ മാറ്റത്തിനു കാരണമായിത്തീർന്നു.

മദ്ധ്യകാലത്ത് ഇന്ത്യയിൽ നിലനിന്നിരുന്ന വിദ്യാഭ്യാസം സാർവത്രികമോ ശാസ്ത്രീയമോ ആയിരുന്നില്ല. വിദ്യാഭ്യാസം ലഭിച്ചിരുന്നതു ബ്രാഹ്മണർക്കു മാത്രമായിരുന്നു. പൗരോഹിത്യവും അദ്ധ്യാപകവൃത്തിയും അവരുടെ കുത്തകയായിരുന്നുവല്ലോ. കീഴാളർക്കും സ്ത്രീകൾക്കും വിദ്യാഭ്യാസം നിഷിദ്ധമായിരുന്നു. യഥാർത്ഥത്തിൽ വിദ്യാഭ്യാസം വ്യക്തിയെകൊണ്ട് അധികാരശ്രേണീകരണത്തിന്റെ അടിസ്ഥാനത്തിലുള്ള സാമൂഹികഘടനയെ അംഗീകരിപ്പിക്കുന്നതിനും, അനുവർത്തിക്കുന്നതിനും , അവന്റെ വ്യക്തിത്വത്തെ പൂർണ്ണമായും അതിനു കീഴ്പ്പെടുത്തുന്നതിനുമുള്ള മാർഗ്ഗമായിരുന്നു.[3] അനുസരണയും വിധേയത്വവുമായിരുന്നു ഈ വിദ്യാഭ്യാസ പദ്ധതിയുടെ മൂല്യങ്ങൾ.

ബ്രിട്ടീഷ് കൊളോണിയൽ താല്പര്യങ്ങളായിരുന്നു നവീന വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം നിർണ്ണയിച്ചിരുന്നതെങ്കിലും പാശ്ചാത്യസംസ്കാരത്തിന്റെ ചൈതന്യം പകർന്നേക്കാൻ അതിനു കഴിഞ്ഞിരുന്നു. വിധേയത്വമല്ല, മറിച്ച് യുക്തിചിന്തയും ചോദ്യം ചെയ്യാനുള്ള തന്റേടവുമാണ് അഭികാമ്യമെന്ന് അത് നമ്മെ ധരിപ്പിച്ചു. പാശ്ചാത്യലോകത്തെ ശാസ്ത്രജ്ഞർ, തത്വചിന്തകർ, ചരിത്രകാരന്മാർ, സാഹിത്യകാരന്മാർ തുടങ്ങിയവരെ പരിചയപ്പെട്ടുതുടങ്ങിയപ്പോൾ അപ്രാമാദികമായി യാതൊന്നുമില്ലെന്നും, വ്യവസ്ഥാപിത താല്പര്യങ്ങളേയും ധാരണകളേയും നിഷേധിച്ചും തച്ചുടച്ചും മുന്നേറുന്ന ഉല്പതിഷ്ണുത്വമാണ് ആവശ്യമെന്നും, നവീനവിദ്യാഭ്യാസം സിദ്ധിച്ച ന്യൂനപക്ഷത്തിനു ബോദ്ധ്യപ്പെട്ടു. സാമൂഹികസ്ഥാപനങ്ങളെയും, ആചാരങ്ങളെയും സ്ഥാപിതമൂല്യങ്ങളെയുമൊക്കെ കുറ്റമറ്റതാക്കിത്തീർക്കുന്നതിലായിരുന്നു അവരുടെ ശ്രദ്ധ.

സാമൂഹികസ്വാതന്ത്ര്യവും സമത്വവും മഹത്തായ ആദർശങ്ങളായി കരുതിയി

---

3. *എ.ആർ. ദേശായി. - ഇന്ത്യൻ ദേശീയതയുടെ സാമൂഹ്യപശ്ചാത്തലം*

*പി. കെ. ഗോപാലകൃഷ്ണൻ - പുരോഗമനസാഹിത്യപ്രസ്ഥാനം - നിഴലും വെളിച്ചവും - കേരളസാഹിത്യ അക്കാഡമി -1987 എന്ന ഗ്രന്ഥത്തിൽ നിന്ന്.*

രുന്ന പാശ്ചാത്യസംസ്കാരം വ്യക്തിസ്വാതന്ത്ര്യത്തിനും പ്രാധാന്യം നൽകുകയുണ്ടായി. പശ്ചാത്യചിന്തകരായ റൂസ്സോ, സ്റ്റുവർട്മിൽ തുടങ്ങിയവരുടെ സ്വാധീനം പോലെതന്നെ പാശ്ചാത്യസാഹിത്യകാരന്മാരുടെ സ്വാധീനവും നമുക്ക് ഏറ്റം പ്രയോജകീഭവിച്ചു. വ്യക്തിയെ അവഗണിക്കുന്ന യാഥാസ്ഥിതികവീക്ഷണത്തിനു പകരം, വ്യക്തിയുടെ സമഗ്രവികസനത്തിനുള്ള സഫലമായ ഉപാധിയായി സമൂഹത്തെ പരിഗണിക്കുന്ന ഒരു പുതിയ കാഴ്ചപ്പാടും രൂപപ്പെട്ടു.

ഈസ്റ്റ്ഇന്ത്യാകമ്പനിയുടെ തെറ്റായ കാർഷികനയവും ഇന്ത്യൻവ്യവസായങ്ങളുടെ നേർക്ക് അവരനുവർത്തിച്ചിരുന്ന സംഹാരാത്മകമായ സമീപനവും ദേശീയരും വൈദേശീയരുമായ വ്യവസായികളുടെ താല്പര്യസംഘട്ടനങ്ങളും കർഷകരും തൊഴിലാളികളും അനുഭവിച്ചിരുന്ന യാതനകളും സ്വാതന്ത്ര്യ സമരത്തിനു പിന്നിൽ വർത്തിച്ച ശക്തമായ പ്രേരണകളായിരുന്നു. സ്വാതന്ത്ര്യം ജന്മാവകാശമാണെന്നും അത് അനിവാര്യമാണെന്നുമുള്ള ബോധം സ്വാതന്ത്ര്യദാഹികൾക്കുണ്ടായി. അതാകട്ടെ, 18-ാം നൂറ്റാണ്ടിലെ യൂറോപ്യൻ രാഷ്ട്രീയചിന്തകളിൽനിന്നു സമാർജ്ജിച്ചതും. യൂറോപ്യൻ ചരിത്രത്തിലെ അനശ്വരങ്ങളായ വിപ്ലവങ്ങളുടെയും ദേശീയസമരങ്ങളുടെയും വീരഗാഥകൾ അവരെ ഉത്തേജിതവീര്യരാക്കി. ഗ്രീസിന്റെയും ഇറ്റലിയുടെയും വിമോചനവും, ഫ്രഞ്ച് അമേരിക്കൻ വിപ്ലവങ്ങളുടെ ചരിത്രവും അവർക്കാവേശം പകർന്നു. ദേശാഭിമാനാധിഷ്ഠിതമായ ഇംഗ്ലീഷ്സാഹിത്യം അവരിലെ ദേശീയപ്രബുദ്ധതയേയും ആത്മാഭിമാനത്തേയും പ്രോജ്വലിപ്പിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ പിന്നിൽ വർത്തിച്ച ശക്തികളിൽ ഒന്ന് നവീനവിദ്യാഭ്യാസമായിരുന്നു.

യുക്തിബോധം വികസിച്ചതോടെ യാഥാസ്ഥിതികസാമൂഹികഘടന ചോദ്യം ചെയ്യപ്പെട്ടു. ഈ സാമൂഹികഘടനയെ താങ്ങിനിർത്തിയിരുന്ന സ്ഥാപനങ്ങളും ആചാരവിശേഷങ്ങളുമെല്ലാം മതബോധത്തിൽ അധിഷ്ഠിതമായിരുന്നു. അതുകൊണ്ടുതന്നെ മതബോധം സ്പർശിക്കാത്ത സാമൂഹികപരിഷ്ക്കരണമോ, സാമൂഹ്യപരിഷ്കരണം ഉൾക്കൊള്ളാത്ത മതനവീകരണമോ അസാധ്യമായി. പാശ്ചാത്യസംസ്ക്കാരത്തിന്റെയും നവീനവിദ്യാഭ്യാസത്തിന്റെയും സ്വാധീനം ആദ്യം അനുഭവപ്പെട്ടു തുടങ്ങിയത് ബംഗാളിലായിരുന്നു. 1828 ൽ രാജാറാം മോഹൻ റോയ് സ്ഥാപിച്ച ബ്രഹ്മസമാജം അനാചാരങ്ങളിലും അന്ധവിശ്വാസങ്ങളിലും അധിഷ്ഠിതമായ ഹിന്ദുമതത്തിന്റെ നവീകരണത്തിനും യുക്ത്യധിഷ്ഠിതമായ പരിഷ്ക്കരണത്തിനും ഏറെ ശ്രമിച്ചു. വിഗ്രഹാരാധനയും ബഹുദൈവവിശ്വാസവും ചോദ്യം ചെയ്യപ്പെട്ടു. മനുഷ്യർക്കെല്ലാം ദൈവം ഒന്നേയുള്ളു എന്ന കണ്ടെത്തൽ അക്കാലത്തു വിപ്ലവാത്മകം തന്നെയായിരുന്നു. മതം വ്യക്തിപരമായ ഒരനുഭൂതിയായി അംഗീകരിക്കപ്പെട്ടു.

ശ്രീരാമകൃഷ്ണശിഷ്യനായ വിവേകാനന്ദന്റെ അധൃഷ്യപ്രഭാവവും പ്രഭാഷണചാതുരിയും ഹിന്ദുമതത്തിന് അപൂർവൗന്നത്യവും ചാരുതയും പ്രദാനം ചെയ്തു.

പത്രപ്രവർത്തനരംഗത്തുണ്ടായ പുരോഗതിയാണ് ഇന്ത്യൻ ദേശീയതയുടെ രംഗത്തെ മറ്റൊരു സംഭവവികാസം. അതോടെ ഇന്ത്യ എന്ന അഖണ്ഡസങ്കല്പം യാഥാർത്ഥ്യമാകുകയും ഇന്ത്യയുടെ ഏതു കോണിലുള്ള നവോത്ഥാനവും ഇതരഭാഗങ്ങളിലേയ്ക്കു ദ്രുതഗതിയിൽ വ്യാപിക്കുകയും ചെയ്തു. തന്മൂലം ഉത്തരേന്ത്യൻ മതനവീകരണപ്രസ്ഥാനങ്ങളുടെ സ്വാധീനം വളരെ വേഗം തന്നെ ദക്ഷിണേന്ത്യയിലേയ്ക്കും പടർന്നു. മതതത്വപ്രചാരണാർത്ഥം ബ്രഹ്മസമാജം മിഷനറിമാരെ നാടിന്റെ നാനാഭാഗത്തേയ്ക്കും അയയ്ക്കുകയുണ്ടായി.

പത്തൊൻപതാം നൂറ്റാണ്ടിന്റെ ദ്വിതീയാർദ്ധത്തിൽ തന്നെ കേരളത്തിലും വിദ്യാഭ്യാസരംഗം സജീവമായി. ഈ രംഗത്ത് മിഷനറിമാർ ചെയ്ത സേവനങ്ങൾ പ്രത്യേകം പ്രസ്താവ്യമാണ്. വിദ്യാലയങ്ങളുടെ ഒരു ശൃംഖല തന്നെ അവർ പടുത്തുയർത്തുകയുണ്ടായി. അതതു പ്രദേശത്തെ ഭരണാധികാരികളുടെ സഹായത്തോടെ മിഷൻ സൊസൈറ്റികൾ സ്ഥാപിച്ച വിദ്യാലയങ്ങളധികവും ഇംഗ്ലീഷ് സ്ക്കൂളുകളായിരുന്നു. മലബാറിൽ ബാസൽ മിഷനും, തിരുവിതാംകൂറിൽ ലണ്ടൻ മിഷൻ സൊസൈറ്റിയും,കോട്ടയം ആലപ്പുഴ പ്രദേശങ്ങളിൽ ചർച്ചുമിഷൻ സൊസൈറ്റിയുമാണ് ഇത്തരം പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയത്. 1829 ൽ ഭരണഭാരമേറ്റ സ്വാതിതിരുനാൾ മഹാരാജാവിന്റെ കാലം മുതൽ വിദ്യാഭ്യാസരംഗം അഭിവൃദ്ധി പ്രാപിച്ചു തുടങ്ങിയതായി കാണാം. കേരളത്തിലാകമാനം ഒരേ തോതിലും വ്യാപ്തിയിലുമല്ലെങ്കിലും ആധുനികവിദ്യാഭ്യാസം പ്രചരിയ്ക്കുകയും പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ തന്നെ നവീനവിദ്യാഭ്യാസത്തിന്റെ സന്തതികളായ ഒരു പ്രബുദ്ധന്യൂനപക്ഷം മിക്കവാറും എല്ലാ മണ്ഡലങ്ങളിലും നേതൃത്വം പിടിച്ചെടുക്കുകയും ചെയ്തു. [4]

കേരളത്തിൽ മതനവീകരണപ്രസ്ഥാനത്തിന്റെ നേതൃത്വം ശ്രീനാരായണഗുരുവിനായിരുന്നു. 1888 ൽ അരുവിപ്പുറത്തു ശിവപ്രതിഷ്ഠ നടത്തിയ അദ്ദേഹം നൂറ്റാണ്ടുകളായി നിലനിന്നുപോന്ന ബ്രാഹ്മണപൗരോഹിത്യത്തെ അവഗണിച്ചു. ക്ഷേത്രാരാധന മാത്രമല്ല, വിഗ്രഹപ്രതിഷ്ഠയും അവർണ്ണരുടെ ജന്മാവകാശമാണെന്ന് അദ്ദേഹം സ്ഥാപിച്ചു. ദുർമൂർത്തികളുടെ ആരാധനമാത്രം നടത്തിയിരുന്ന അവർണ്ണസമുദായക്കാരെ അതിൽ നിന്ന് അദ്ദേഹം പിന്തിരിപ്പിച്ചു. [5] അന്ധവിശ്വാസങ്ങളുടെയും അനാ

4. *ബഞ്ചമിൻ ,ഡി . - ജിയുടെ ഭാവഗീതങ്ങൾ - ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് -1988 - പുറം -3.*

5. *ടി. പുസ്തകം - പുറം -7.*

ചാരങ്ങളുടെയുമിടയിൽ മങ്ങിമറഞ്ഞുകിടന്ന അദ്വൈതദർശനത്തിന് ശ്രീ നാരായണൻ പുതുചൈതന്യം നൽകി.

സാമൂഹികപരിഷ്ക്കരണം മതനവീകരണത്തിന്റെ ഭാഗമായിരുന്നു. ജാതിചിന്തയ്ക്ക് അവിടെ സ്ഥാനമുണ്ടായിരുന്നില്ല. ബംഗാളിൽ നിലനിന്ന ശൈശവ വിവാഹം, സതി എന്നിവയെ ബ്രഹ്മസമാജം നിരുത്സാഹപ്പെടുത്തി. അവയിലന്തർഹിതമായ മനുഷ്യത്വരാഹിത്യത്തെ മാറ്റി നിർത്തിയാൽ പ്രസക്തമാകുന്നത്, വ്യക്തിസ്വാതന്ത്ര്യധ്വംസനമാണ്. "1827 ലെ സതിനിരോധനനിയമവും 1829 ലെ ബാല്യവിവാഹനിയന്ത്രണബില്ലും 1856 ലെ വിധവാ വിവാഹാനുകൂലനനിയമവും ആശയപരമായി നോക്കുമ്പോൾ വ്യക്തിസ്വാതന്ത്ര്യത്തിനുവേണ്ടി ഇന്ത്യയിലെ പ്രബുദ്ധജനത നടത്തിയ ആദ്യസമരങ്ങളുടെ വിജയമാണെന്നു പറയാം [6]".

ജാതിവ്യവസ്ഥ ഹിന്ദുമതത്തെ അനേകം വിഭാഗങ്ങളായി വിഭജിച്ചിരുന്നു. ജാതിരൂപീകരണത്തിന്റെ അടിസ്ഥാനം തൊഴിൽവിഭജനവും. എങ്കിലും പില്ക്കാലത്ത് അതു നഷ്ടപ്പെട്ടു. "ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, രക്തബന്ധങ്ങൾ, വിവാഹബന്ധങ്ങൾ തുടങ്ങിയ മതപരവും നരവംശശാസ്ത്രപരവുമായ പ്രയോഗമേഖലകളിലൂടെ ദൃഢീകരിക്കപ്പെടുന്ന കർക്കശമായ ഒരു പ്രത്യയശാസ്ത്രസ്ഥാപനമാണ് ജാതി. നമ്മുടേതു പോലുള്ള സമൂഹങ്ങളിൽ, മനുഷ്യർ ജനിക്കുംമുമ്പേ തന്നെ രൂപപ്പെട്ടുകഴിഞ്ഞതും ജീവിച്ചുതീർക്കാൻ വിധിക്കപ്പെട്ടിരിക്കുന്നതുമായ ഒരു സാമൂഹ്യപ്രത്യയശാസ്ത്രമാണത്. ഓരോ കുഞ്ഞും ജനിച്ചുവീഴുന്നത് സ്ഥലത്തിലേയ്ക്കും കാലത്തിലേയ്ക്കുമെന്നപോലെ ഈ പ്രത്യയശാസ്ത്രത്തിലേയ്ക്കുമാണെന്ന് പറയാം. ആചാരങ്ങളും പുരാണങ്ങളും സ്മൃതികളും ചൊല്ലുകളും മുതൽ ദൈനംദിനഭാഷണങ്ങളും സദാചാരനിയമങ്ങളും വരെയുള്ള ഒരു വ്യവഹാരശൃംഖലയിലൂടെയാണ് ഈ പ്രത്യയശാസ്ത്രം പ്രാവർത്തികമാകുന്നത്. വർഗ്ഗങ്ങളുടെ ചലനാത്മകസ്വഭാവം ജാതിക്കില്ല [7]". ജാതിവ്യവസ്ഥയിൽ ഉയർന്ന പദവി ബ്രാഹ്മണർക്കായിരുന്നല്ലോ. കർമ്മമഹത്വംകൊണ്ട് ആർക്കും ബ്രാഹ്മണത്വം നേടാമെന്നു കവികളും ചിന്തകരുമൊക്കെ പറയാറുണ്ട്. പക്ഷേ, കർമ്മംകൊണ്ട് ഒരു ചണ്ഡാളനും ബ്രാഹ്മണത്വം ലഭിച്ചിട്ടില്ല. മറിച്ച് ബ്രാഹ്മണത്വത്തിലേയ്ക്കോ ക്ഷത്രിയത്വത്തിലേയ്ക്കോ കർമ്മംകൊണ്ട് ഉയരാൻ ശ്രമിച്ച ശംബൂകന്റേയും ഏകലവ്യന്റെയും കദനകഥകൾ ഉണ്ടുതാനും. സമൂഹത്തെ പല തട്ടുകളായി വിഭജിച്ചും പിന്നീടതിനെ നിയമമാക്കി യുക്തിസ്സഹമായി

---

6. *ഡി.ബഞ്ചമിൻ , - ജീയുടെ ഭാവഗീതങ്ങൾ - ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് -1988 - പുറം -8*

7. *കെ.സച്ചിദാനന്ദൻ , - വീണ്ടുവിചാരങ്ങൾ - മോഡേൺ ബുക്സ് ,1992 - പുറം 11.*

പ്രത്യക്ഷപ്പെടുത്തിയുമാണ് അധികാരം എന്നും പ്രവർത്തിച്ചുപോന്നിട്ടുള്ളത്. അധികാരത്തിന്റെ ഈ പ്രവർത്തനരീതിതന്നെയാണ് ജാതിയുടെ കാര്യത്തിലും നിലനിന്നിരുന്നത്. അധീശവിഭാഗത്തിന്റെ പദ്ധതികളെ സ്വകർത്തവ്യമെന്ന നിലയിൽ ഏറ്റുവാങ്ങി അനുഭവിക്കുന്ന കീഴാളവർഗ്ഗത്തിന്റെ സമൂഹത്തെ - ചോദ്യം ചെയ്യാനറിയാത്ത ഒരു പ്രജാസ്വരൂപത്തെ - നിർമ്മിച്ചെടുക്കാനുള്ള അധീശവർഗ്ഗത്തിന്റെ പ്രയത്നവും പ്രാപ്തിയുമാണ് ജാതിരൂപീകരണത്തിനു പിന്നിലുള്ളത്. "വർഗ്ഗത്തെക്കുറിച്ചുള്ള മാർക്സിന്റെ സങ്കല്പത്തെ, കീഴാളത്തത്തെക്കുറിച്ചുഗ്രാംഷിയും പ്രത്യയശാസ്ത്രത്തെക്കുറിച്ച് അൾത്തുസറും അധികാരത്തിന്റെ സാങ്കേതികവിദ്യയെക്കുറിച്ച് മിഷേൽ ഫൂക്കോയും നടത്തിയ പ്രതിപാദനങ്ങളെ സമന്വയിച്ചുകൊണ്ടേ 'ജാതി' എന്ന സ്ഥാപനത്തെ മനസ്സിലാക്കാൻ കഴിയു. ഫൂക്കോയുടെ രീതി അവലംബിച്ചു നോക്കിയാൽ 'ജാതി' സ്ഥലത്തെ നിയന്ത്രിക്കുന്ന ഒരു പ്രത്യയശാസ്ത്രമാണെന്നു പറയാനാവും. അയിത്തവും തീണ്ടലും ഇതിന്റെ പ്രത്യക്ഷോദാഹരണങ്ങളാണ്."[8]

ജാതിപ്രത്യയശാസ്ത്രത്തിന്റെ മറ്റൊരുഘടകം ശുദ്ധാശുദ്ധ സങ്കല്പങ്ങളാണ്. അയിത്തജാതിക്കാർ കാത്തുസൂക്ഷിക്കേണ്ട അകലം ക്ലിപ്തപ്പെടുത്തിയിരുന്നു. നായർക്കു നമ്പൂതിരിയുടെ അടുത്തുചെല്ലാം. പക്ഷേ, തൊട്ടുകൂടാ. അയിത്തജാതിക്കാർ സ്വന്തവരവ് ഉറക്കെ വിളിച്ചറിയിക്കുന്ന സമ്പ്രദായം തന്നെ ഉണ്ടായിരുന്നു. ശവം, വിസർജ്ജ്യം, പ്രസവം, ആർത്തവം, രോഗവുമായി ബന്ധപ്പെട്ട അവശിഷ്ടങ്ങൾ തുടങ്ങിയവ കൈകാര്യം ചെയ്യാനായിരുന്നു സവർണ്ണസമൂഹം ചണ്ഡാലരെ ഉപയോഗിച്ചിരുന്നത്. ഈ അശുദ്ധികൾ കൈകാര്യം ചെയ്യുന്നവരെ നീചരിൽ നീചരായി കണക്കാക്കി.

വിജ്ഞാനവിതരണത്തിന്റെ കാര്യത്തിലും അസമത്വത്തിന്റെ പ്രത്യയശാസ്ത്രം (ജാതി) പ്രവർത്തിച്ചിരുന്നു. 'ശൂദ്രമക്ഷരസംയുക്തം ദൂരതഃ പരിവർജ്ജയേത്' എന്നായിരുന്നു പ്രമാണം. തത്വചിന്തയുടെ കുത്തക എന്നും ബ്രാഹ്മണർക്കു തന്നെ. വരേണ്യഭാഷയായ സംസ്കൃതത്തിന്റെ അഭ്യസനം കീഴ്ജാതികൾക്കു വിലക്കപ്പെട്ടിരുന്നു. സംസ്കൃതനാടകങ്ങളിൽ ദാസികളും ദാസൻമാരും പ്രാകൃതത്തിലാണല്ലോ സംസാരിക്കുന്നത്. അധ്വാനത്തിൻമേലുള്ള അവകാശത്തോടൊപ്പം കീഴ്ജാതിക്കാരുടെ സ്ത്രീകളുടെ മേൽ ലൈംഗികമായ അവകാശവും സവർണ്ണഭൂവുടമകൾ അനുഭവിച്ചുപോന്നു. പലേടങ്ങളിലും ആദ്യരാത്രിയുടെ പ്രത്യേകാവകാശം തമ്പുരാക്കൻമാർക്കായിരുന്നു. ചുരുക്കത്തിൽ, സാമൂഹികഘടനയുടെ അടിതൊട്ടു മുടി

---

8. *കെ.സച്ചിദാനന്ദൻ, -വീണ്ടുവിചാരങ്ങൾ - മോഡേൺ ബുക്സ് 1992, പുറം 13.*

യോളം പടർന്നുകയറി സ്ഥലത്തിന്റെ പരിധികളേയും ശരീരചലനങ്ങളേയും ഭാഷയുടെ പ്രയോഗത്തേയുമെല്ലാം ഒരുപോലെ നിയന്ത്രിച്ചിരുന്ന ഒരു സമഗ്രപ്രത്യയശാസ്ത്രമാണ് ജാതി-ഉപജാതി വ്യവസ്ഥ.

കേരളത്തിൽ ജാതിക്കെതിരായ സമരത്തിന് നേതൃത്വം നല്കിയത് ശ്രീനാരായണഗുരുവും അദ്ദേഹം സ്ഥാപിച്ച എസ്. എൻ. ഡി. പി യും ആയിരുന്നു. തുടക്കത്തിൽ ജാതികൃതമായ അനാചാരങ്ങളോടായിരുന്നു എതിർപ്പെങ്കിലും പിന്നീട് 'ജാതി' എന്ന സ്ഥാപനത്തിനു നേരെയായി. അധസ്ഥിതവർഗ്ഗങ്ങൾ മാത്രമല്ല, നമ്പൂതിരിമാർ ഉൾപ്പെടെയുള്ള സവർണ്ണരും സംഘടിച്ച് ജാത്യാചാരങ്ങൾക്കും നിയമങ്ങൾക്കുമെതിരായി പോരാടി. ഇവരുടെ താല്പര്യങ്ങളും ലക്ഷ്യങ്ങളും വ്യത്യസ്തവും വിരുദ്ധവുമായിരുന്നു. എങ്കിലും ഓരോ ജാതിയിലും വ്യക്തിസ്വാതന്ത്ര്യത്തെ നിഹനിച്ചിരുന്ന വിലക്കുകൾക്കു എതിരെകൂടിയായിരുന്നു പോരാട്ടം. അവർണ്ണസമുദായക്കാർ വിദ്യാഭ്യാസസ്വാതന്ത്ര്യത്തിനും സർക്കാരുദ്യോഗത്തിനും മിശ്രവിവാഹത്തിനും മിശ്രഭോജനത്തിനും വേണ്ടി മുറവിളി കൂട്ടി. നമ്പൂതിരിമാർ, കച്ചവടത്തിനും കൃഷിയ്ക്കും തയ്യാറാകണമെന്നും അച്ഛൻ നമ്പൂതിരിമാർക്ക് സ്വജാതിവിവാഹം അനുവദിച്ചുകിട്ടണമെന്നും യോഗക്ഷേമസഭ ശബ്ദമുയർത്തി. എൻ. എസ്.എസ് ആകട്ടെ, നമ്പൂതിരിമാരുടെ നായർ സംബന്ധത്തിനെതിരെയാണ് ശബ്ദമുയർത്തിയത്. അവർണസമുദായങ്ങൾ മാന്യമായ വസ്ത്രധാരണസമ്പ്രദായത്തിനു വേണ്ടി സമരം ചെയ്തപ്പോൾ, ഉണ്ണി നമ്പൂതിരി സഭ ഘോഷാസമ്പ്രദായത്തിനെതിരെ പ്രക്ഷോഭണം നടത്തി. ജാതിക്കെതിരായ സമരം യഥാർത്ഥത്തിൽ ജാതികൃതമായ നിയന്ത്രണങ്ങൾക്കെതിരായ സമരമായിരുന്നു. ഈ പ്രക്ഷോഭണങ്ങളെല്ലാം വ്യക്തിസ്വാതന്ത്ര്യത്തിന്റെ മഹത്വം തെളിച്ചുകാട്ടി.

ജാതിക്കുള്ളിലെ ഏറ്റവുമിടുങ്ങിയ സ്ഥാപനമാണ് കൂട്ടുകുടുംബം. വ്യക്തിസ്വാതന്ത്ര്യത്തെയും വ്യക്തിത്വ വികാസത്തേയും ഇത്രത്തോളം പ്രതിരോധിച്ച മറ്റൊരു സാമൂഹിക വ്യവസ്ഥയില്ല. "അത് വ്യക്തിത്വത്തെ അടിച്ചമർത്തുന്നു, ആലസ്യത്തെ പ്രോത്സാഹിപ്പിക്കുന്നു, നേതൃത്വവാസനയെ കൊന്നുകളയുന്നു [9]." കൂട്ടുകുടുംബവ്യവസ്ഥയിൽ സ്വകാര്യസ്വത്തവകാശം ഇല്ല. എല്ലാം കാരണവരിൽ നിക്ഷിപ്തമാണ്. ജാതീയമായ അനാചാരങ്ങൾക്കെതിരെ ശബ്ദമുയർത്തിയ എൻ.എസ്സ്.എസ്സും യോഗക്ഷേമസഭയും കൂട്ടുകുടുംബത്തിനും മരുമക്കത്തായത്തിനുമെതിരെ സമരം ചെയ്തു; ആളോഹരിയ്ക്കു വേണ്ടി വാദിച്ചു. 1912 ൽ കൂട്ടുകുടുംബത്തിനെതിരായ

9. *Benjamin walker - Hidnu World Vol .I (Quoted by Dr. D. Benjamin) - ജി യുടെ ഭാവഗീതങ്ങൾ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് -1988 - പുറം 9*

ആദ്യത്തെ നിയമനിർമ്മാണം നായർ ആക്ടായി രൂപം പൂണ്ടു. 1925 ൽ പുതുക്കപ്പെട്ട നായർ ആക്ടിൽ ആളോഹരിയ്ക്കു വ്യവസ്ഥ ചെയ്തതോടെ കൂട്ടുകുടുംബവ്യവസ്ഥയുടെ അടിക്കല്ല് ഇളകാൻ തുടങ്ങി.

വ്യക്തിത്വവികാസത്തിനു സഹായകമായ മറ്റൊരു സംഭവവികാസം വ്യവസായങ്ങളുടെ ആവിർഭാവമായിരുന്നു. മന്ദഗതിയിലാണെങ്കിലും 19-ാം നൂറ്റാണ്ടിൽ തന്നെ വ്യവസായങ്ങൾ ഇന്ത്യയിൽ വികസിക്കാൻ തുടങ്ങി. കൽക്കത്തയിൽ ചണമില്ലുകളും ബോംബെയിലും അഹമ്മദാബാദിലുമൊക്കെ തുണിമില്ലുകളും രൂപപ്പെട്ടു. വേറൊന്ന് കല്ക്കരി വ്യവസായമായിരുന്നു. ഏതാണ്ടിതേ കാലയളവിൽ കേരളത്തിലും തോട്ട വ്യവസായങ്ങൾ ആരംഭിച്ചു. ഓട്ടുഫാക്ടറികളും നെയ്ത്തുശാലകളുമൊക്കെ സ്ഥാപിതമായി. ആലപ്പുഴയിലും കൊല്ലത്തും കയർവ്യവസായവും അഭിവൃദ്ധിപ്പെട്ടു തുടങ്ങി.

എന്നാൽ യാഥാസ്ഥിതികത്വത്തിന്റെ ചങ്ങലക്കെട്ടുകൾ തകർത്തുകൊണ്ട് അധ്വാന മേഖലകളിലേയ്ക്കു കടന്നു വരാൻ ബ്രാഹ്മണജന്മിമാർ തയ്യാറായില്ല. വ്യവസായസംരംഭകരിൽ അധികവും ക്രിസ്ത്യാനികളോ മുസ്ലീങ്ങളോ അവർണ്ണ സമുദായാംഗങ്ങളോ ആയിരുന്നു. ഏതായാലും ജന്മായത്തമായ ജാതിമഹാത്മ്യം നടിച്ചിരുന്നവർക്കെതിരെ ധനംകൊണ്ട് അന്തസ്സും മാന്യതയും നേടിയെടുക്കുന്ന ഒരു പുതിയ വിഭാഗം പൊന്തി വന്നു. മാന്യതയുടെ മാനദണ്ഡം, ജാതിയോ പാരമ്പര്യമോ അല്ല, പ്രത്യുത വ്യക്തിയുടെ അധ്വാനശേഷിയും സ്വകാര്യസമ്പത്തുമാണെന്ന് വന്നു.

1885 ൽ രൂപം കൊണ്ട ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വം 1920 ൽ മഹാത്മഗാന്ധി ഏറ്റെടുത്തതോടെ അത് ഒരു ബഹുജനപ്രസ്ഥാനമായി മാറി. 1908 ൽ ബ്രിട്ടീഷ് മലബാറിൽ കോൺഗ്രസ്സ് കമ്മറ്റി രൂപം പൂണ്ടു. 1915 ൽ ഹോംറൂൾ പ്രസ്ഥാനത്തിന്റെ ശാഖ മലബാറിൽ ആരംഭിച്ചു. നിസ്സഹകരണപ്രസ്ഥാനവും മറ്റു സമരപരിപാടികളും സുസംഘടിതമായ രീതിയിൽ മലബാറിൽ നടന്നു. നാട്ടുരാജ്യങ്ങളായിരുന്ന തിരുവിതാംകൂറിലും കൊച്ചിയിലും വിദേശാധിപത്യത്തിന്നെതിരായ പ്രതിഷേധം ശക്തിപ്പെട്ടില്ല. വിദ്യാഭ്യാസമുള്ള നാട്ടുകാരുടെ അവകാശസമരങ്ങളിലൂടെയാണ് അവിടെ രാഷ്ട്രീയ പ്രബുദ്ധത പ്രകടമായത്. 1888 ൽ ആരംഭിച്ച ശ്രീമൂലം അസംബ്ലി പരിമിതമായെങ്കിലും ഭരണരംഗത്ത് ബഹുജനപങ്കാളിത്തം സാധ്യമാക്കി. 1891 ലെ മലയാളി മെമ്മോറിയലും 1896 ലെ ഈഴവ മെമ്മോറിയലുമൊക്കെ ഇത്തരുണത്തിൽ ശ്രദ്ധിക്കപ്പെടേണ്ടവയാണ്. 1919 ൽ തിരുവിതാംകൂറിലും കൊച്ചിയിലും

കോൺഗ്രസ്സ് കമ്മറ്റികൾ രൂപീകരിച്ചതോടെ അവരും അഖിലേന്ത്യാ സമരങ്ങളിൽ ഭാഗഭാക്കുകളായി.

ഇരുപതാം നൂറ്റാണ്ടിന്റെ ഉദയവേളയിൽ തന്നെ കേരളത്തിലെ അഭ്യസ്ത വിദ്യരുടെ വീക്ഷണം വ്യക്തികേന്ദ്രിതമായിത്തീർന്നു. ജീവിതത്തിന്റെ സമസ്തമേഖലകളിലും വ്യക്തിസ്വാതന്ത്ര്യത്തിനും പ്രതിഷ്ഠാപനത്തിനുമുള്ള വ്യഗ്രത പ്രകടമായി. മതം വ്യക്തിപരാനുഭൂതിയാണെന്നും ഈശ്വരൻ അമൂർത്തമായ സത്തയാണെന്നുമുള്ള ബോധം പ്രബലമായി. ജാതീയമായ ദുരാചാരങ്ങൾക്കെതിരായ ബഹുജനാഭിപ്രായം മനുഷ്യസ്നേഹപരമായ ഒരാദർശത്തെ മാനവികത (Humanism) തൊട്ടുണർത്തി. സ്വാമി വിവേകാനന്ദനും ശ്രീനാരായണഗുരുവും, കേശബ്ചന്ദ്രസെന്നും വിശാലമായ മനുഷ്യസ്നേഹത്തിനു വേണ്ടിയാണ് വാദിച്ചത്.

<u>സാഹിത്യരംഗം</u>

സാമൂഹ്യരാഷ്ട്രീയമണ്ഡലങ്ങളിലുണ്ടായ മാറ്റം സാഹിത്യരംഗത്തും പ്രകടമായി. സാമൂഹിക പരിഷ്കരണത്തിന്റെ അലയൊലികൾ ചന്തുമേനോന്റെ [x] നോവലിൽ കേൾക്കാം. പാരമ്പര്യബദ്ധമായ കാവ്യസരണിയ്ക്കു സമാന്തരമായി, എന്നാൽ പല കാര്യങ്ങളിലും വിരുദ്ധമായി വേറിട്ടൊരു കാവ്യപ്രസ്ഥാനം കൊടുങ്ങല്ലൂർ കോവിലകം കേന്ദ്രമാക്കി വികസിക്കുന്നുണ്ടായിരുന്നു. പൂന്തോട്ടം, നടുവത്തച്ഛൻ, വെണ്മണിമാർ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കുണ്ടൂർ തുടങ്ങിയവരായിരുന്നു ഇതിന്റെ സാരഥികൾ. അക്ലിഷ്ടമധുരവും സരളവുമായ കാവ്യശൈലി, വ്യക്ത്യനുഭവങ്ങൾ, നാടൻ പദങ്ങളുടെ പ്രയോഗം എന്നിവയിലായിരുന്നു ഇവരുടെ ശ്രദ്ധ. മലയാള കാവ്യശൈലിയെ സംസ്കൃതത്തിന്റെ കോയ്മയിൽ നിന്നു മോചിപ്പിക്കാനുള്ള ശ്രമം ഇവരിൽ കാണാം.

നിയോക്ലാസ്സിസിസത്തിനു തിരിച്ചടിയായി വികസിച്ചുവന്ന കാവ്യാഭിരുചി എന്ന നിലയ്ക്ക് അന്തർഭാവത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചു രംഗപ്രവേശം ചെയ്തത് ഏ.ആർ. രാജരാജവർമ്മയാണ്. എന്നാൽ, ഇംഗ്ലീഷ് റൊമാന്റിക് കവിത ഏ. ആറിനേയും കാര്യമായിട്ടൊന്നും സ്വാധീനിച്ചുകാണുന്നില്ല. വാസ്തവത്തിൽ, "ഏ. ആർ പ്രകടിപ്പിച്ച ഈ ചിന്തകൾ പുതുമ നിറഞ്ഞവയാണെന്ന് ധരിക്കരുത്. സംസ്കൃത സാഹിത്യത്തിൽ അഗ്രഗണ്യരായ ചിലരുടെ മതങ്ങൾ കാച്ചിക്കുറുക്കിയെടുത്ത സത്താണ് അദ്ദേഹം പ്രദർശിപ്പിച്ചത്. [10] " എങ്കിൽപ്പോലും കാല്പനികതയുടെ

---

*x ഇന്ദുലേഖ*

*10. എൻ.കൃഷ്ണപിള്ള, . - കൈരളിയുടെ കഥ. എൻ. ബി.എസ് - 1975 പുറം - 274 .*

സ്ഫുലിംഗങ്ങൾ ഏ. ആറിലുണ്ടായിരുന്നു. അതുകൊണ്ടാണല്ലോ വ്യവസ്ഥാപിത കാവ്യരൂപങ്ങളുടെ പരിമിതികൾ കണ്ടെത്താനും നവഭാവുകത്വത്തെ സ്വാഗതം ചെയ്യുവാനും അദ്ദേഹത്തിനു കഴിഞ്ഞത്.

പാശ്ചാത്യരാജ്യങ്ങളിൽ 19-ാം ശതകത്തിന്റെ മധ്യഘട്ടമായപ്പോഴേയ്ക്കും കാല്പനികപ്രസ്ഥാനം ശക്തി പ്രാപിച്ചുകഴിഞ്ഞു. അവിടെ അപചയത്തിലേയ്ക്കു നീങ്ങിത്തുടങ്ങിയ ഘട്ടത്തിൽ മാത്രമാണ് അതിന്റെ അരുണപ്രഭ മലയാളസാഹിത്യത്തിലും കണ്ടുതുടങ്ങിയത്. പാശ്ചാത്യ രാജ്യങ്ങളിൽ കാല്പനികപ്രസ്ഥാനത്തിന്റെ ആവിർഭാവത്തിനു പ്രേരകമായി ഭവിച്ച പല സംഭവങ്ങളുണ്ട് - വ്യാവസായിക വിപ്ലവം, കാർഷികവിപ്ലവം, യുദ്ധങ്ങൾ തുടങ്ങിയവ. എന്നാൽ, ഇങ്ങനെ എടുത്തപറയത്തക്ക കാരണങ്ങളൊന്നും കേരളത്തിൽ ഉണ്ടായിരുന്നതായി കാണുന്നില്ല. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ സാന്നിദ്ധ്യവും വ്യക്തിസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ബോധവുമാണ് ഇവിടെ റൊമാന്റിസിസത്തിലേയ്ക്കു നയിച്ചത്. 1902 ൽ സി.എസ്. സുബ്രഹ്മണ്യൻ പോറ്റി എഴുതിയ ' ഒരു വിലാപ ' വും, 1908 ൽ വി.സി. ബാലകൃഷ്ണപ്പണിക്കർ എഴുതിയ ' ഒരു വിലാപ ' വും, കാല്പനികഹൃദയത്തിന്റെ സ്പന്ദനങ്ങൾ ഉൾക്കൊള്ളുന്നവയായിരുന്നു.

കവിത്രയത്തെയാണ് റൊമാന്റിസിസത്തിന്റെ ആരംഭക്കാരായി നാം പറയാറുള്ളത്.[x] ആശാനും ഉള്ളൂരും വള്ളത്തോളും ക്ലാസ്സിസിസത്തിന്റെ പാരമ്പര്യത്തിൽ വളർന്നുവന്നവരാണ്. കവിത ചമയ്ക്കലും വെടിപറച്ചിലും ഒന്നാണെന്നമട്ടിൽ വീക്ഷിച്ചിരുന്ന കാലഘട്ടത്തിൽ നിന്നു തികച്ചും വ്യതിരിക്തരായിരുന്ന അവർ കവിതയെ ഗൗരവമായി കാണാൻ തുടങ്ങി. സ്ഥൂലത്തിൽ നിന്നു സൂക്ഷ്മത്തിലേയ്ക്കുള്ള വളർച്ചയാണ് ഈ കാലഘട്ടത്തിന്റെ സവിശേഷത. അടങ്ങാത്ത സ്വാതന്ത്ര്യദാഹം ഇതിവൃത്തത്തിൽ സ്ഥാനം പിടിച്ചു. പുരോഗമനപരമായ ആശയങ്ങളും സംസ്കൃതവൃത്തങ്ങൾക്കു പകരം ദ്രാവിഡവൃത്തസ്വീകരണവുമൊക്കെ കവിത്രയം നടത്തി. ഇതൊക്കെയായിരുന്നാലും ക്ലാസ്സിക്, നിയോക്ലാസ്സിക് ശിക്ഷണത്തിനു വിധേയരായി വളർന്നുവന്ന കവിത്രയത്തിന് ഒരു പരിധി വരെ മാത്രമേ സ്വാതന്ത്ര്യം കാട്ടാൻ കഴിഞ്ഞുള്ളൂ. "സൂക്ഷ്മാർത്ഥത്തിൽ ആശാനും വള്ളത്തോളും ഉള്ളൂരും കാല്പനിക കവികളല്ല, മലയാള കവിതയെ കാല്പനികത്വത്തിന്റെ പടിവാതിലിൽ എത്തിച്ചതേയുള്ളു അവർ [11]."

---

*x വെണ്മണിക്കവികളും പച്ചമലയാള പ്രസ്ഥാനക്കാരുമൊക്കെ കാല്പനികതയുടെ തുടക്കം കുറിച്ചവരാണ് എന്ന അഭിപ്രായം ആധുനികരിലുണ്ട്.*

*11. എൻ.കൃഷ്ണപിള്ള, . - കൈരളിയുടെ കഥ. എൻ. ബി.എസ് - 1975, പുറം - 284 -*

**ഇടപ്പള്ളിക്കവികൾ**

മലയാളകവിതയിലെ കാല്പനികതയെക്കുറിച്ചു ചിന്തിക്കുമ്പോൾ മുന്നിലെത്തുന്നത് ഇടപ്പള്ളി പ്രസ്ഥാനമാണ്. ഇടപ്പള്ളിക്കാരായ രണ്ടു കവികളാണ് ഇതിന്റെ പിന്നിൽ - രാഘവൻപിള്ളയും കൃഷ്ണപിള്ളയും. അവർ പെട്ടെന്ന് ജനശ്രദ്ധ പിടിച്ചുപറ്റി. ചുരുങ്ങിയ കാലംകൊണ്ട് കാവ്യാന്തരീക്ഷമാകെ ഇളക്കിമറിക്കുവാൻ അവർക്കു കഴിഞ്ഞു. ഇടപ്പള്ളിപ്രസ്ഥാനത്തിനു ചൂടും ചൂരും നൽകി അതിനെ പുഷ്ക്കലമാക്കിയതു ചങ്ങമ്പുഴയാണ്. ഇവിടെ പഠനവിധേയരാകുന്ന രണ്ടു കവികൾ - വയലാറും ഒ.എൻ. വിയും - മാത്രമല്ല, അക്കാലത്തെ കവികളെല്ലാം തന്നെ ചങ്ങമ്പുഴയുടെ അനുകർത്താക്കളാണെന്ന വാദം സാഹിത്യലോകത്ത് ഉണ്ടായിരുന്നു. ആ നിലയ്ക്കു ചങ്ങമ്പുഴക്കവിതകളുടെ വിചിന്തനം ഇവിടെ അനിവാര്യമായിരിക്കുന്നു. ചങ്ങമ്പുഴയുടെ ആദ്യകവിതയിൽ (മംഗളം) തന്നെ കാല്പനികതയുടെ സ്വഭാവവിശേഷങ്ങളായ വ്യക്തിപരത, ധ്വന്യാത്മകത, സ്വാതന്ത്ര്യബോധം എന്നിവ കാണാം. ഞാൻ, എന്റെ, എനിക്ക്, എന്നെ എന്നീ ആത്മവാചിയായ ഉത്തമപുരുഷ സർവനാമങ്ങൾ കൃതികളിൽ സുലഭമായി. ചങ്ങമ്പുഴയുടെ കവിതകൾ വായിച്ചാൽ കാവ്യത്തെ സ്പർശിക്കുന്ന അനുഭവമാണ് അനുവാചകന് ഉളവാകുക. സ്വപ്നലോകത്തിൽ വിഹരിച്ച കവി സാമൂഹ്യ യാഥാർത്ഥ്യങ്ങളിൽ നിന്ന് അകന്നുപോയി. ചങ്ങമ്പുഴയിൽ വിഷാദാത്മകതയും പ്രണയവിഹ്വലതയും കലാപവാസനയുമൊക്കെ ഇടലെടുത്തു. കൂടാതെ, അന്യവല്ക്കരണം, മൃത്യുവാഞ്ഛ, പാപബോധം, ദോഷദർശനം തുടങ്ങിയവയും അദ്ദേഹത്തിന്റെ കാല്പനികവ്യക്തിത്വത്തിൽ ഉൾച്ചേർന്നു. നിലവിലുള്ള വ്യവസ്ഥിതികളോട് അസഹിഷ്ണുവായിത്തീർന്നു അദ്ദേഹം.

നവോത്ഥാനകവിതയുടെ ആരംഭം മുതൽ തന്നെ ഭാവഗീതങ്ങൾ ആവിർഭവിച്ചെങ്കിലും ഭാവഗീതങ്ങളുടെ എല്ലാ സ്വഭാവവിശേഷങ്ങളും പരമാവധി കൈവന്നത് ചങ്ങമ്പുഴക്കവിതയിലാണ്. "ഒരു ഭാവത്തിന്റെയോ അനുഭാവത്തിന്റേയോ പ്രതിഫലനം വികാരതീഷ്ണതയാൽ നിറംപിടിപ്പിക്കുകയും ഹൃദയസ്പർശകമാക്കി ചമയ്ക്കുകയും ചെയ്യുന്നതാണ് കലാപരമായ അതിന്റെ (Lyrics) പ്രത്യേക സവിശേഷത[12] ''. നിസ്സംഗതയോടെ ജീവിതത്തെ നോക്കിക്കാണലല്ല, മറിച്ച് അതിൽ ആമഗ്നനായി പാടുകയാണ് ചങ്ങമ്പുഴയുടെ രീതി. തന്റെ കവിത്വസിദ്ധി അതിരറ്റതാണെന്നും താനീ ലോകത്ത് ഉന്നതനാണെന്നും കവി ധരിച്ചു. തനിക്ക് അർഹമായ അംഗീകാരം

---

12. *ചങ്ങമ്പുഴ - ചങ്ങമ്പുഴ കൃതികൾ (ഭാഗം 2) സങ്കല്പകാന്തി (മുഖവുര) - എൻ. ബി.എസ് - 1974., പുറം -239*

നൽകാൻ മടിക്കുന്ന സാമൂഹ്യനീതിയ്ക്കെതിരെ അദ്ദേഹം അമർഷം പൂണ്ടു. അന്തർമുഖത്വം, സ്വപ്നാത്മകത, അപകർഷതാബോധം, ആത്മരതി, പാപബോധം, ഉൽക്കണ്ഠ, നൈരാശ്യം തുടങ്ങിയ മാനസികഭാവങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ പ്രകടമാകുന്നത് ഇതിന്റെ ഫലമാണ്. സമൂഹത്തിൽ നിന്നുള്ള ഒറ്റപ്പെടൽ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം. ഒരന്തർമുഖന് ഉണ്ടാകാവുന്ന സംശയം, ആത്മവിശ്വാസരാഹിത്യം, അസൂയ, അമിതമായ സ്വാതന്ത്ര്യബോധം, സ്നേഹബന്ധത്തിലെ അസ്ഥിരത, മുൻവിധിയോടെയുള്ള സമീപനം തുടങ്ങിയ സ്വഭാവവിശേഷങ്ങളൊക്കെ ചങ്ങമ്പുഴക്കവിതകളിൽ ദർശിക്കാൻ കഴിയും. ആനന്ദത്തിന്റെ പരമകാഷ്ടയിൽപോലും മൃത്യുബോധം വേട്ടയാടുന്ന സന്ദർഭങ്ങളും ചങ്ങമ്പുഴക്കവിതകളിൽ(മനസ്വിനി പോലുള്ള കവിതകൾ) വിരളമല്ല. മൃത്യുവുമായി ബന്ധപ്പെട്ട എത്രയെത്ര പേരുകളാണ് തന്റെ കവിതയ്ക്ക് അദ്ദേഹം നല്കിയിട്ടുള്ളത്.! അന്ത്യയാത്ര, ശ്മശാനത്തിൽ, അന്ത്യഗാനം, മരിച്ചിട്ട്, വരിക മരണമേ, ശ്മശാനത്തിലെ തുളസി തുടങ്ങി ഒരു നീണ്ടപട്ടിക തന്നെ നിരത്താനാകും. മലയാളകവിതയിൽ ഒരു പുതുയുഗം സൃഷ്ടിക്കാൻ ചങ്ങമ്പുഴയ്ക്കു കഴിഞ്ഞുവെന്നത് തർക്കമറ്റ വസ്തുതയാണ്.

"മലരൊളിതിരളും മധുചന്ദ്രികയിൽ

മഴവിൽക്കൊടിയുടെ മുനമുക്കി' എഴുതുകയും ആ അനുഗൃഹീതമുഹൂർത്തത്തിൽ , ആത്മവിസ്മൃതിയിലകപ്പെടുകയും, 'മധുരസ്വപ്നശതാവലി പൂത്തൊരു മായാലോക'ത്തെത്തുകയും അവസാനം അദ്വൈതാമല ഭാവസ്പന്ദിത വിദ്യുന്മേഖല പൂകുകയും ചെയ്ത കവിയാണ് ചങ്ങമ്പുഴ [13]."

അനുകരിക്കാൻ പ്രേരിപ്പിക്കുന്നതും, എന്നാൽ അനുകരണത്തിനു വഴങ്ങാത്തതുമായിരുന്നു ചങ്ങമ്പുഴയുടെ കാവ്യശൈലി. ചങ്ങമ്പുഴക്കവിതയിലെ സംഗീതാംശം വയലാറും ഒ. എൻ. വി യുമടക്കമുള്ള ഏറെക്കവികളും ഉൾക്കൊള്ളാൻ ശ്രമിച്ചു. "ചങ്ങമ്പുഴ എഴുതിയകാലം തൊട്ടിന്നേവരെയുള്ള മലയാളകവിതകളിൽ ഭാവത്തിലോ രൂപത്തിലോ കല്പനാസ്വീകാരത്തിലോ പദഘടനാശില്പത്തിലോ ഭാഷാശൈലിയിലോ അദ്ദേഹത്തിന്റെ സ്വാധീനശക്തിക്കു വിധേയരായിട്ടില്ലാത്ത കവികൾ ആരെന്നു പറയാനാണു വിഷമം. വിധേയരായവരെ ചൂണ്ടിക്കാണിക്കുക ഏറ്റവുമെളുപ്പവും [14]".ചങ്ങമ്പുഴയുടെ വിഷാദാത്മകത്വവും അതിഭാവുകത്വവും ഉപേക്ഷിച്ച കവികളിൽ ജീവിതാഭിമുഖ്യം ഒരാവേശമായി വളർന്നു. സാമൂഹികരാഷ്ട്രീയപരിതോ

---

*13. ചന്ദ്രികാ ശങ്കരനാരായണൻ – വയലാർ – ഋതുഭേദങ്ങൾക്കു വർണ്ണം പകർന്ന കവി – കറന്റ് ബുക്സ് -1996., പുറം -15.*

*14. എൻ.കൃഷ്ണപിള്ള, . – കൈരളിയുടെ കഥ, എൻ. ബി.എസ് - 1975., പുറം – 426*

വസ്ഥകളും അവർക്കനുകൂലമായി പരിണമിച്ചു. മലയാള കവിത ശുദ്ധകാല്പനികതയിൽ നിന്നു മെല്ലെ റിയലിസത്തിലേയ്ക്കു നീങ്ങിത്തുടങ്ങി.

## പുരോഗമന സാഹിത്യ പ്രസ്ഥാനം

ഈ നൂറ്റാണ്ടിന്റെ മുപ്പതുകളിൽ ഇന്ത്യയിലും ലോകത്തുമുണ്ടായിരുന്ന സാഹചര്യങ്ങളും ജനകീയ പ്രബുദ്ധതയുമാണ് അഖിലേന്ത്യാപുരോഗമനസാഹിത്യസംഘടനയുടെ രൂപീകരണത്തിനു കാരണമായത്. പുരോഗമനസാഹിത്യസംഘടനയുടെ ഒന്നാമത്തെ സമ്മേളനത്തിനു സൂത്രധാരത്വം വഹിച്ച സജ്ജാദ് സാഹിർ സംഘടനയുടെ ഉത്ഭവത്തെപ്പറ്റി ഇങ്ങനെ പറയുന്നു.

"ഈ നൂറ്റാണ്ടിന്റെ മുപ്പതുകളിൽ നമ്മുടെ രാജ്യത്തെ തഴുകി പ്രവഹിച്ച സാമൂഹ്യവും രാഷ്ട്രീയവുമായ നവോന്മേഷത്തിൽ നിന്നാണ് പുരോഗമനസാഹിത്യപ്രസ്ഥാനം രൂപം കൊണ്ടത്. ജനങ്ങൾക്കിടയിൽ ഉയർന്നുവന്ന ഒരു ഇടതുപക്ഷ - വിപ്ലവപ്രവണതയായിരുന്നു അത്. നമ്മുടെ സ്വാതന്ത്ര്യാദർശത്തിനു മൂർത്തരൂപത്തിലുള്ള അർത്ഥം നൽകാൻ നാം ശ്രമിച്ചു. രാജ്യത്തിന്റെ സ്വാതന്ത്ര്യമെന്നത് സാധാരണജനങ്ങളുടെ - തൊഴിലാളികളും കൃഷിക്കാരും ഇടത്തരക്കാരുമായ ജനങ്ങളുടെ - സ്വാതന്ത്ര്യമാണെന്ന് നിർവചിക്കപ്പെട്ടു. സാമ്രാജ്യത്വഭരണം അവസാനിപ്പിക്കൽ മാത്രമല്ല, സ്വാതന്ത്ര്യം. മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്ന എല്ലാ രൂപങ്ങളും അവസാനിക്കണം. ആവശ്യങ്ങൾ നിറവേറ്റാൻ കഴിയായ്കയിൽ നിന്നുള്ള മോചനം ലഭിക്കണം. അന്ധകാരത്തിൽ നിന്നും അജ്ഞതയിൽനിന്നും വിമോചിതരാകണം; മാനുഷികസമത്വവും സംസ്ക്കാരവും മാനുഷികമായ അന്തസ്സും ലഭ്യമാകണം. നമ്മുടെ ഉദാരമനസ്കരായ രാജ്യസ്നേഹികളും സ്വാതന്ത്ര്യ സേനാനികളും സോഷ്യലിസ്റ്റുകാരും കമ്മ്യൂണിസ്റ്റുകാരും കൂടുതൽ കൂടുതലായി ജനങ്ങളുടെ മുമ്പാകെ മുന്നോട്ടു വച്ച സ്വാതന്ത്ര്യത്തിന്റെ സോഷ്യലിസ്റ്റാദർശമായിരുന്നു ഇത് [15]."

അത്യന്തം ഉദ്വേഗജനകവും എന്നാൽ ഉന്മേഷപൂർണ്ണവുമായ ഒരു സാഹചര്യമാണ് സാർവദേശീയമായ തലത്തിൽ അന്നുണ്ടായിരുന്നത്. ലോക സാമ്പത്തികരംഗത്തുണ്ടായ കെടുതികളും ഫാസിസത്തിന്റെ വിജയവും ഉദ്വേഗജനകമായ അന്തരീക്ഷം സൃഷ്ടിച്ചപ്പോൾ സോവിയറ്റ് യൂണിയനിലെ ഒന്നാം പഞ്ചവത്സരപദ്ധതിയുടെ വിജയവും അതു നൽകിയ സൗഭാഗ്യപൂർണ്ണമായ ജീവിതാന്തരീക്ഷവും ലോകമെമ്പാ

---

15. *പി.കെ.ഗോപാലകൃഷ്ണൻ, - പുരോഗമനസാഹിത്യ പ്രസ്ഥാനം - നിഴലും വെളിച്ചവും - കേരളസാഹിത്യ അക്കാദമി - 1987, പുറം 47.*

ടുമുള്ള ബുദ്ധിജീവികൾക്കും മനുഷ്യസ്നേഹികൾക്കും ആശയും പ്രതീക്ഷയും നൽകി. ഫാസിസത്തിനെതിരായ ഐക്യമുന്നണി എന്ന ആശയം രൂപം പൂണ്ടു.

'ഫാസിസത്തിനെതിരായി സംസ്ക്കാരത്തെ രക്ഷിക്കുക' എന്ന മുദ്രാവാക്യവുമായി 1935 ൽ പാരീസിൽ വച്ച് എഴുത്തുകാരുടെ ഒരു സമ്മേളനം മാക്സിംഗോർക്കിയുടെ നേതൃത്വത്തിൽ നടന്നു. ഇന്ത്യാക്കാരായ മുൽക്ക് രാജ് ആനന്ദ്, സജ്ജാദ് സാഹിർ തുടങ്ങിയ എഴുത്തുകാർ അതിൽ പങ്കെടുത്തു. അവിടെ വച്ചാണ് 'ഇന്ത്യൻ പുരോഗമനസാഹിത്യസംഘടന' രൂപപ്പെടുന്നത്. മുൾക്ക് രാജ് ആനന്ദായിരുന്നു പ്രസിഡന്റ്. 1935 ൽ അഹമ്മദാബാദിൽ വച്ച് ഇന്ത്യൻ പുരോഗമനസാഹിത്യസംഘടന ഔപചാരികമായി രംഗത്തു വന്നു. സംഘടനയുടെ ആദ്യത്തെ മാനിഫസ്റ്റോയും അവിടെ വച്ച് തയ്യാറാക്കപ്പെട്ടു.

ജീവിതത്തിന്റെ അടിസ്ഥാനപ്രശ്നങ്ങളായ വിശപ്പ്, ദാരിദ്ര്യം, സാമൂഹ്യമായ പിന്നോക്കാവസ്ഥ, രാഷ്ട്രീയമായ അടിമത്തം തുടങ്ങിയവ ഇന്ത്യയിലെ പുതിയ സാഹിത്യം കൈകാര്യം ചെയ്യണമെന്ന് മാനിഫസ്റ്റോ ഊന്നിപ്പറഞ്ഞു. പ്രതിലോമശക്തികളേയും സാമ്രാജ്യത്വത്തേയും എതിർക്കുക, ഒപ്പം സ്വാതന്ത്ര്യസമരത്തിന് ആവേശവും പിന്തുണയും നൽകുക, ഇത് സാഹിത്യകാരന്റെ കടമയായിത്തീർന്നു. ഇന്ത്യൻ പുരോഗമനസാഹിത്യസംഘടനയുടെ ആഭിമുഖ്യത്തിൽ ആദ്യത്തെ സാഹിത്യസമ്മേളനം 1936ൽ ലക്നോവിൽ വച്ചു ചേർന്നു. പുരോഗമനസാഹിത്യത്തിന്റെ സൗന്ദര്യശാസ്ത്രത്തെക്കുറിച്ചായിരുന്നു പ്രേംചന്ദിന്റെ അദ്ധ്യക്ഷപ്രസംഗം :-

'നമ്മുടെ സൗന്ദര്യാവബോധത്തിന്റെ മാനദണ്ഡം തന്നെ മാറേണ്ടിയിരിക്കുന്നു. സങ്കുചിതമായ രൂപോപാസനയുടെ പേരായിരുന്നു ഇന്നോളമുള്ള കല. ജീവിതസമരത്തിൽ സൗന്ദര്യത്തിന്റെ പരമോല്ക്കർഷം കണ്ടെത്താനുള്ള വിശാലവീക്ഷണം അതിനില്ലായിരുന്നു. അതിനെ സംബന്ധിച്ചിടത്തോളം സുന്ദരിയായ സ്ത്രീയിലേ ഉള്ളു സൗന്ദര്യം. വരമ്പത്തു കുട്ടിയെ ഉറക്കിക്കിടത്തിയിട്ടു വയലിൽ വിയർപ്പു ചിന്തുന്ന ദരിദ്രയും രൂപസൗന്ദര്യമില്ലാത്തവളുമായ ആ തൊഴിലാളി സ്ത്രീയിൽ സൗന്ദര്യമില്ലത്രേ. ഹ്രസ്വമായ കാഴ്ചപ്പാടിന്റെ ദോഷമാണിത്. നമ്മുടെ വീക്ഷണം വിശാലമാവുകയാണെങ്കിൽ, സുന്ദരിയെന്നു വാഴ്ത്തപ്പെടുന്ന സ്ത്രീയുടെ ഭാഗ്യലാളിതമായ കപോലങ്ങളിലും അരുണാധരങ്ങളിലും സൗന്ദര്യഗർവവും ക്രൂരതയും പതിയിരിക്കുന്നതായി കാണാം. മറിച്ച്, പാടത്തു പണിയെടുക്കുന്ന സ്ത്രീയുടെ വരണ്ടചുണ്ടുകളിലും കണ്ണുനീർച്ചാലു വീണ് ഒട്ടിയ കവിളുകളിലും ത്യാഗം, ഭക്തി, സേവനം, ക്ലേശസഹിഷ്ണുത എന്നിവ പരിസ്ഫുരിക്കുന്നതു കാണുകയും ചെയ്യാം.'

'സൗന്ദര്യത്തെ കാണുവാനുള്ള നമ്മുടെ കാഴ്ചപ്പാട് സാർവജനീനമായ മാനം കൈക്കൊള്ളുമ്പോൾ മാത്രമേ, സാഹിത്യം സൗന്ദര്യത്തിന്റെയും ശക്തിയുടെയും ഇരിപ്പിടമായി മാറുകയുള്ളൂ. രാജ്യസ്നേഹത്തിന്റെയും രാഷ്ട്രീയത്തിന്റെയും പുറകേ ഗമിക്കുന്ന ഒരു യാഥാർത്ഥ്യമല്ല സാഹിത്യകാരൻ അവയുടെ മുമ്പിൽ ദീപയഷ്ടി ഉയർത്തിപ്പിടിച്ചു നടക്കുന്ന യാഥാർത്ഥ്യമാണ് അവൻ [16]. ' സാഹിത്യത്തെ സംബന്ധിച്ചും കലാസൗന്ദര്യത്തെക്കുറിച്ചും അന്നോളമുണ്ടായിരുന്ന ധാരണകൾ മാറ്റുവാൻ ഇത് കാരണമായി.

**കേരളത്തിൽ**

ഇന്ത്യൻ പുരോഗമനസാഹിത്യസംഘടനയുടെ ആവിർഭാവത്തോടെ, 1937 ഏപ്രിലിൽ തൃശ്ശൂരിലും ഇടതുപക്ഷ സോഷ്യലിസ്റ്റു ചിന്താഗതിക്കാരായ ഒരു വിഭാഗം ബുദ്ധിജീവികൾ യോഗം ചേർന്ന് 'ജീവത്സാഹിത്യസംഘം' എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ചു. തുടക്കത്തിൽ യാഥാസ്ഥിതികരിൽ നിന്ന് ഒട്ടേറെ അധിക്ഷേപങ്ങൾ ഇതിന്റെ സംഘാടകർക്ക് ഏല്ക്കേണ്ടിവന്നു. പക്ഷേ, പ്രസ്ഥാനം വളരെ വേഗം ജനശ്രദ്ധ പിടിച്ചുപറ്റി. ഇന്ത്യൻ പുരോഗമന സാഹിത്യസംഘടനയുടെ മാനിഫസ്റ്റോയിലെ ആശയങ്ങൾതന്നെയാണ് ജീവൽ - സാഹിത്യസംഘവും പ്രചരിപ്പിച്ചത്. കല കലയ്ക്കു വേണ്ടിയോ സാമൂഹ്യപുരോഗതിയ്ക്കു വേണ്ടിയോ ? ഇതായിരുന്നു ചർച്ചാവിഷയം.

1914 ലെ ലോകമഹായുദ്ധം വരുത്തിവച്ച സാമ്പത്തികാധഃപതനം, റഷ്യയിലെ ബോൾഷെവിക് വിപ്ലവം കേരളത്തിലെ അവർണ്ണഹിന്ദുക്കളിലും തൊഴിലാളികളിലും ജനിപ്പിച്ച സമത്വസ്ഥാപനമോഹം എന്നിവ പുരോഗമനസാഹിത്യപ്രസ്ഥാന രൂപീകരണത്തിനു പ്രേരകമായി ഭവിച്ചു. ഫ്യൂഡൽ പിന്തിരിപ്പൻ സംസ്കാരവും ജനാധിപത്യസംസ്കാരവും തമ്മിലുള്ള സംഘട്ടനം, സാഹിത്യത്തിൽ പ്രതിഫലിക്കുന്നുവെങ്കിൽ അത് പുരോഗമനസാഹിത്യമാണ് എന്ന് പുരോഗമനസാഹിത്യത്തിന്റെ വക്താക്കൾ അഭിപ്രായപ്പെട്ടു.

ജീവത്സാഹിത്യപ്രസ്ഥാനം ആരംഭിച്ച കാലം മുതൽ തന്നെ സഞ്ജയനും കുട്ടികൃഷ്ണമാരാരും അതിനെ ശക്തമായി എതിർത്തു. പക്ഷേ, ഇത്തരത്തിലുള്ള എതിർപ്പുകളും ആക്ഷേപങ്ങളുമൊന്നും അധികംപേരെ സ്വാധീനിച്ചിട്ടില്ലെന്ന് പ്രസ്ഥാനത്തിന്റെ തുടർന്നുള്ള ചരിത്രം കാണിക്കുന്നു. ഏതാണ്ടു മുഴുവൻ സാഹിത്യകാര

---

*16. പി.കെ.ഗോപാലകൃഷ്ണൻ, - പുരോഗമനസാഹിത്യ പ്രസ്ഥാനം - നിഴലും വെളിച്ചവും - കേരളസാഹിത്യ അക്കാദമി - 1987, പുറം 72.*

ന്മാരും പില്ക്കാലത്തു പ്രസ്ഥാനത്തിന്റെ കൂടെ വന്നുവെന്ന് നമുക്കു കാണാവുന്നതാണ്.

''ഞാൻ ബോധപൂർവ്വവും ഉദ്ദേശ്യപൂർവവുമായ സാഹിത്യപരിശ്രമം തുടങ്ങിയത്, 1937 കാലത്ത് കേരളത്തിൽ ജീവത്സാഹിത്യപ്രസ്ഥാനം പിറന്നു പടയ്ക്കു പുറപ്പെട്ടതു മുതല്ക്കാണ്. ആ പ്രസ്ഥാനം കലാബോധത്തിൽ അധിഷ്ഠിതമല്ലെന്നും ദുരുപദിഷ്ടമാണെന്നും ആദ്യമേ മനസ്സിലാക്കാൻ എനിക്കു ഭാഗ്യമുണ്ടായി. അതിനെ കണ്ടേടത്തുവച്ചെല്ലാം എതിർക്കുന്നത് ഒരു സാഹിത്യപ്രണയിയുടെ ചുമതലയാണെന്ന് ഞാൻ വിചാരിച്ചു. അവരുടെ ഗതിവിശേഷങ്ങളെ ഉറ്റുനോക്കുകയും പരീക്ഷിക്കുകയും ചെയ്യുക എന്നത് എന്റെ പതിവായിത്തീർന്നു[17].'' ജീവിതസാഹിത്യത്തെക്കുറിച്ച് ഇങ്ങനെ പ്രസ്താവിച്ച മാരാർ പിന്നീട് 'കല ജീവിതം' തന്നെ എന്ന സിദ്ധാന്തത്തോളമെത്തി. പക്ഷേ, കല പ്രതിഫലിപ്പിക്കുന്നത് ജീവിതത്തെയല്ല, ജീവിതസത്യത്തെയാണ് എന്ന മാക്സിംഗോർക്കിയുടെ കലാതത്വത്തോളമുയരാൻ മാരാർക്കു കഴിഞ്ഞില്ല.

'പ്രത്യക്ഷയാഥാർത്ഥ്യങ്ങൾക്കു പിന്നിൽ പരോക്ഷമായി എണ്ണമറ്റ യാഥാർത്ഥ്യങ്ങൾ അടുക്കടുക്കായി കിടക്കുന്നുണ്ട് - വൈകാരികം, വൈചാരികം, ആദ്ധ്യാത്മികം എന്നിങ്ങനെ. അവ പലപ്പോഴും പ്രത്യക്ഷയാഥാർത്ഥ്യങ്ങൾക്കു വിരുദ്ധമാണെന്നുപോലും വരാം. ആ വക പരോക്ഷയാഥാർത്ഥ്യങ്ങളാണ് സാഹിത്യത്തിലെ പ്രതിപാദ്യവിഷയം. ഒരു കവി ആവിഷ്ക്കരിക്കുന്ന ഇത്തരം പരോക്ഷയാഥാർത്ഥ്യത്തിന്റെ പുതുമയും പൊലിമയുമാണ് സാഹിത്യോല്കർഷത്തിന്റെ മാനദണ്ഡം; പ്രത്യക്ഷയാഥാർത്ഥ്യങ്ങളുടെ വൈചിത്രമല്ല [18].'

മനുഷ്യജീവിതത്തിന്റെ വളർച്ചയോടൊപ്പം സാഹിത്യചരിത്രത്തിലുമുണ്ടായ മാറ്റങ്ങൾ പരിശോധിച്ചാൽ ഏതു സാഹിത്യവും അതതു കാലത്തെ സാമൂഹ്യജീവിതത്തിന്റെ പ്രതിഫലനം കൂടിയാണെന്നു കാണാം. [x] കാളിദാസനും കാലത്തിന്റെ ദാസനാണെന്നു വ്യക്തമാക്കപ്പെട്ടിട്ടുണ്ടല്ലോ. ഫ്രഞ്ചുസാമൂഹ്യജീവിതത്തിന്റെ വ്യക്തചിത്രം ബൽസാക്കിന്റെ കൃതികളിലും, 20-ാം നൂറ്റാണ്ടിൽ റഷ്യയിൽ നടമാടിയിരുന്നു സാമൂഹ്യവൈരുദ്ധ്യങ്ങളും വിപ്ലവപ്രസ്ഥാനത്തിലേർപ്പെട്ട തൊഴിലാളിവർഗ്ഗത്തിന്റെ ആശ

---

17. *കുട്ടികൃഷ്ണമാരാർ - പതിനഞ്ചുപന്യാസങ്ങൾ - മാരാർ സാഹിത്യപ്രകാശം പ്രസിദ്ധീകരണം 1991 - പുറം -68.*

18. *കുട്ടികൃഷ്ണമാരാർ -സാഹിത്യവിദ്യ. കറന്റ് ബുക്സ്- പുറം 44-45.*

x *മുണ്ടശ്ശേരി - കാലത്തിന്റെ കണ്ണാടി.*

യാഭിലാഷങ്ങളും സാർ ചക്രവർത്തിയുടെ പൈശാചികതകളുമെല്ലാം മാക്സിം ഗോർക്കിയുടെ 'അമ്മ' യിലും കാണാം. സാമൂഹ്യജീവിതത്തിന്റെ പ്രതിഫലനമാണു സാഹിത്യം എന്ന തത്വത്തിൽ അടിയുറച്ചുവിശ്വസിക്കുന്നവരാണ് ജീവൽസാഹിത്യ കാരന്മാർ. ഇ.എം.എസ്സ് ജീവത്സാഹിത്യകാരന്മാരുടെ നിലപാട് ഇങ്ങനെ വ്യക്തമാക്കി:-

'സൗന്ദര്യബോധമല്ല യാഥാസ്ഥിതികസാഹിത്യത്തേയും ജീവൽസാഹിത്യ ത്തേയും വേർതിരിക്കുന്നത്. മഹത്തായ കലാസൗന്ദര്യമുള്ള കൃതികൾ ജീവത്സാ ഹിത്യത്തിലുണ്ടാവാം; മറ്റു സാഹിത്യത്തിലുമുണ്ടാവാം. അതുപോലെതന്നെ പരു ക്കൻ മട്ടിലുള്ള കൃതികളും രണ്ടുവിഭാഗത്തിലുമുണ്ടാവാം. പുരോഗമനപരമായ ശക്തി കളുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ട് മുമ്പോട്ടുവന്നാൽ ഏറ്റവും സുന്ദരമായ കവി തയും ജീവത്സാഹിത്യമായി. യാഥാസ്ഥിതിക ശക്തികളെപ്രതിനിധീകരിക്കുന്നത് എത്ര പരുക്കനായാലും ജീവത്സാഹിത്യമാവുകയില്ല. പരുക്കൻമട്ടല്ല, പുരോഗതിയുടെ ആവേശജനകമായ സന്ദേശമാണ് ജീവത്സാഹിത്യത്തിന്റെ ജീവൻ [19].'

പുരോഗമനാശയങ്ങൾ പ്രകാശിപ്പിക്കുന്ന കൃതിക്ക് സൗന്ദര്യം അല്പം കുറ വായാൽ പോലും അംഗീകരിക്കാൻ സാമാന്യജനങ്ങൾ തയ്യാറായി. ജീവത്സാഹി ത്യകാരന്റെ പക്ഷം പിടിക്കാനും ആക്ഷേപങ്ങൾക്കു മറുപടി പറയാനും എം.പി. പോൾ, പി.ശങ്കരൻ നമ്പ്യാർ, ജി. ശങ്കരക്കുറുപ്പ് തുടങ്ങിയവർ രംഗത്തു വന്നു. ജീവ ത്സാഹിത്യത്തിന്റെ മാനവികവീക്ഷണത്തെക്കുറിച്ച് എം.പി.പോൾ എഴുതി : 'മനു ഷ്യത്വമാണ് ജീവത്സാഹിത്യത്തിന്റെ ആദർശം. മനുഷ്യന്റെ പുരോഗമനമാണ് ജീവ ത്സാഹിത്യകാരന്റെ ലക്ഷ്യം. അതിൽ കല ഒരു ഉപകരണം മാത്രമാണ്. കല കലയ്ക്കു വേണ്ടിയല്ല, മനുഷ്യനു വേണ്ടിയാണ് [20] '. ' അവയിൽ (രാമായണ മഹാഭാരതാദിക ളിൽ ) ആവേശം കൊണ്ടു മതിമറന്ന നമ്മുടെ കേരളീയകവികൾ അവരുടെ കണ്ണിനു മുമ്പിൽ കിടക്കുന്ന വാസ്തവലോകത്തെ കാണുന്നതേയില്ല. അവരുടെ ദൃഷ്ടി എപ്പോഴും പഴയതിലേയ്ക്കാണു തിരിഞ്ഞിരിക്കുന്നത്. അവർ 'പിൻ നോക്കി ' കളാ ണ്. ഇങ്ങനെ പോയാൽ പോരാ, മലയാളികൾ ഇനിയെങ്കിലും 'മുൻ നോക്കി' കളാ യിത്തീരാൻ ശ്രമിക്കണം [21]. ജീവത്സാഹിത്യത്തിൽ പ്രാധാന്യം കല്പിക്കേണ്ടത് ആർക്കെന്നും അദ്ദേഹം എടുത്തു പറയുന്നു : 'ക്രൂരമായ പ്രകൃതിജനനിയുടെ ചിറ്റ മ്മനയം കൊണ്ടു ക്ലേശിക്കുന്ന ജനവിഭാഗങ്ങളാണല്ലോ ജീവത്സാഹിത്യകാരന്റെ അഭി

---

19. *ഇ.എം.എസ്സ്- മാർക്സിസവും മലയാളസാഹിത്യവും , ചിന്ത-1974., പുറം -23.*

20. *എം.പി. പോൾ - ഗദ്യഗതി (ലേഖനം - ജീവത്സാഹിത്യം) എൻ.ബി.എസ്സ് - 1954, പുറം 49-50.*

21. *പി.ശങ്കരൻനമ്പ്യാർ - സാഹിത്യനിഷ്ക്കുടം - പുറം 13-14.*

വീക്ഷണത്തിനു ലക്ഷീഭവിക്കുന്നത്. നായകസ്ഥാനത്ത് ഏതെങ്കിലും വ്യക്തിയെ പ്രവേശിപ്പിച്ചു കണ്ടാൽ തന്നെയും ആ വ്യക്തി ഒരു ജനവിഭാഗത്തിന്റെ പ്രതിനിധിയായി പ്രത്യക്ഷമാകുന്നു. ജീവിതസാഗരത്തിന്റെ ഉപരിഭാഗത്തു വെട്ടിത്തിളങ്ങുന്ന മഹാസത്വങ്ങൾക്കല്ലാ, അതിന്റെ അടിത്തട്ടിൽ കിടക്കുന്ന നാനാതരം ജനസഞ്ചയത്തിനാണു പ്രാധാന്യം കല്പിക്കേണ്ടത്. [22]'

സമൂഹത്തിലെ അവഗണിതരായ സ്ത്രീകളുടെ തലത്തിലേയ്ക്കു കൂടി ജീവത്സാഹിത്യം കടന്നു ചെന്നു. 'സൗന്ദര്യം, സൗകുമാര്യം, ലാവണ്യം എന്നിവയുടെ നിദാനമായ സ്ത്രീ, യഥാർത്ഥ ജീവിതക്ലേശങ്ങളിൽ നിന്നു പിന്തിരിഞ്ഞോടുകയല്ല, അവയോടു നേരിട്ടു പൊരുതി പരിഹാരമാർഗ്ഗങ്ങളെ കണ്ടുപിടിക്കുവാൻ സഹായിക്കുകയാണ് ചെയ്യുന്നത്. കാവ്യാംഗനയും അതുപോലെ തന്നെ. സൗന്ദര്യാദി മൃദുലഗുണങ്ങൾക്കു കോട്ടം തട്ടാത്ത വിധത്തിൽ അഗതികളുടെ ലോകത്തിലേയ്ക്കിറങ്ങിവന്നു വേല ചെയ്യേണ്ടിയിരിക്കുന്നു. അഥവാ, സൗന്ദര്യാദി സ്ത്രീലക്ഷണങ്ങൾക്കു കോട്ടം തട്ടുന്നതാകയാൽ കൂടി സ്വധർമ്മാനുഷ്ഠാനം തന്നെ ഒരു സൗന്ദര്യമല്ലയോ ? [23]'

സംഘർഷാത്മകമായ അന്തരീക്ഷത്തിനു നേരെ ഒന്നും കണ്ടില്ലെന്നു നടിച്ച് പുറംതിരിഞ്ഞിരിക്കാൻ ജീവത്സാഹിത്യകാരനാവില്ല. സാഹിത്യത്തിന്റെ അപരിമേയശക്തി മുഴുവൻ ലൗകികജീവിതപുരോഗതിയ്ക്കു വിനിയോഗിക്കാനാണ് അയാൾ യത്നിക്കുന്നത്. 'കവി വിശ്രമവേളയിലെ അലസഗായകനായാൽ പോരാ, ജീവിതായോധനത്തിലെ കാഹളമൂത്തുകാരനായിരിക്കണം. ഇതിലേയ്ക്കു സങ്കല്പസൃഷ്ടികളായ ധീരോദാത്തന്മാരുടേയും ധീരലളിതന്മാരുടേയും കഥയേക്കാൾ നമ്മുടെ കൺമുമ്പിൽ കാണുന്ന കഥകളാണ് അധികം പറ്റിയത് [24]'.

ജീവത്സാഹിത്യത്തിൽ തൊഴിലാളികളുടെ പ്രശ്നങ്ങൾക്കു മാത്രമേ സ്ഥാനം കൊടുക്കാവൂ എന്ന് ആരും നിർദ്ദേശിച്ചിട്ടില്ല. കേരളത്തിലെ തൊഴിലാളി പ്രസ്ഥാനത്തിന്റെ പ്രവർത്തകർ സാഹിത്യത്തിന്റെ പ്രചാരകന്മാരായി രംഗത്തു വന്നതുകൊണ്ടും അങ്ങനെയൊരു തെറ്റിദ്ധാരണ പരന്നു. വാസ്തവത്തിൽ വലിയൊരു ആശയസമരത്തിന്റെ കാലഘട്ടമായിരുന്നു ജീവത്സാഹിത്യഘട്ടം. 'നക്ഷത്രങ്ങളെ നോക്കി അതിന്റെ സൗന്ദര്യം ആസ്വദിച്ച്, അതു വായനക്കാർക്കു പകർന്നുകൊടുക്കുന്ന

---

22. *പി. ശങ്കരൻനമ്പ്യാർ. - സാഹിത്യനിഷ്ക്കുടം -എൻ.ബി.എസ്സ്, പുറം 17*
23. *ടി. പുസ്തകം - പുറം 18-19.*
24. *പി.കെ. ഗോപാലകൃഷ്ണൻ - പുരോഗമനസാഹിത്യ പ്രസ്ഥാനം - നിഴലും വെളിച്ചവും - കേരള സാഹിത്യ അക്കാദമി -1987, പുറം 97.*

കവി പോലും അയാളുടെ മനോഭാവമനുസരിച്ച് പുരോഗമനപരമോ യാഥാസ്ഥിതികമോ ആയ ഒരു തത്വചിന്ത ചെയ്യുന്നുണ്ടാവും '- ഇ.എം.എസ് ചൂണ്ടികാട്ടി. ജീവത്സാഹിത്യകാരന്റെ കാഴ്ചപ്പാടിനെക്കുറിച്ച് അദ്ദേഹം ഇപ്രകാരം പറഞ്ഞു. 'പുരോഗമനത്തിനു വേണ്ടി സൗന്ദര്യബോധത്തെ തിരസ്കരിക്കണമെന്നല്ല ജീവത്സാഹിത്യകാരൻ പറയുന്നത്. കലാപരമായ സൗന്ദര്യത്തെ അയാൾ അനാദരിക്കുന്നുമില്ല. എന്നാൽ, സൗന്ദര്യത്തിന്റെ പേരിൽ യാഥാസ്ഥിതികത്വത്തെ ആരാധിക്കരുതെന്ന് അയാൾ നിഷ്കർഷിക്കും ; എത്രസുന്ദരമായതാണെങ്കിലും, പഴമ പുരണ്ട കലയെ അയാൾ എതിർക്കുക തന്നെ ചെയ്യും. ലോകത്തെ പുറകോട്ടു നയിക്കുന്ന സാഹിത്യത്തോട് അയാൾക്കു യാതൊരു ദയയുമില്ല. വളർന്നു വരുന്ന മനുഷ്യന്റെ ആശയാഗ്രഹങ്ങളെ പ്രതിനിധീകരിക്കുന്ന സാഹിത്യകാരന്റെ നേരേ, സാഹിത്യം സാഹിത്യത്തിനു വേണ്ടി എന്ന അവകാശവാദം വലിച്ചെറിയുന്നവരുടെ നേരെ, അയാൾക്കു വലിയ ബഹുമാനമില്ല [25]'.

ജീവത്സാഹിത്യപ്രസ്ഥാനത്തിന്റെ പേര് പിന്നീട് പുരോഗമനസാഹിത്യപ്രസ്ഥാനം എന്നാക്കി. പുരോഗമനസാഹിത്യപ്രസ്ഥാനം കമ്മ്യൂണിസ്റ്റു പ്രചാരവേലയുടെ ഭാഗമാണെന്ന് ഒരു വിഭാഗം സാഹിത്യകാരന്മാർ വ്യാഖ്യാനിച്ചു. വാസ്തവത്തിൽ പുരോഗമനസാഹിത്യത്തിന്റെ ലക്ഷ്യം മാനവ പുരോഗതി മാത്രമായിരുന്നു. ആദ്യകാലത്ത് വളരെപ്പേർ പ്രസ്ഥാനത്തിലേയ്ക്കാകൃഷ്ടരായി. പക്ഷേ, ക്രമേണ സ്ഥിതി മാറി. വയലാറിലും കരിവെള്ളൂരിലും മറ്റും ബഹുജനസമരങ്ങൾ ഉണ്ടായതോടെ പുരോഗമനസാഹിത്യകാരനാവുന്നത് മുമ്പത്തെപ്പോലെ സുരക്ഷിതമല്ലെന്നു വന്നു. പുരോഗമനസാഹിത്യപ്രസ്ഥാനത്തിനകത്ത് കമ്മ്യൂണിസ്റ്റുകാരും അല്ലാത്തവരും തമ്മിലാരംഭിച്ച ഉരസൽ പല വേദികളിലും പ്രത്യക്ഷപ്പെടാൻ തുടങ്ങി. സാഹിത്യകാരന്മാർക്കൊക്കെ ഇതിലേതെങ്കിലുമൊന്നിൽ നിൽക്കാതെ സാധ്യമല്ലെന്നായി. എന്നാൽ ഇരുവിഭാഗക്കാരും 'ശുദ്ധകലാവാദത്തെ' എതിർത്തു എന്നത് ശ്രദ്ധേയമാണ്.

1949 ഡിസംബറിൽ തൃശൂരിൽ വച്ചു ചേർന്ന കേരള പുരോഗമനസാഹിത്യസമ്മേളനത്തിൽ ഒ.എൻ.വി, വയലാർ തുടങ്ങി പില്ക്കാലത്തു പ്രശസ്തരായിത്തീർന്ന പലരും ആദ്യമായി പൊതുവേദിയിൽ പ്രത്യക്ഷപ്പെട്ടു. സാഹിത്യകാരന്മാർ സാമൂഹ്യപുരോഗതിയ്ക്ക് ആഹ്വാനം നൽകുന്ന കൃതികൾ രചിച്ചാൽ മാത്രം പോരെന്നും,

---

*25. ഇ.എം.എസ്സ് - മാർക്സിസവും മലയാളസാഹിത്യവും -ചിന്ത-1974, പുറം -23 -24.*

സ്വയം സാമൂഹ്യപുരോഗതിയ്ക്കുള്ള പ്രവർത്തനത്തിൽ - സമരങ്ങളിൽ - പങ്കാളികളാകണമെന്നും, എന്നാൽ മാത്രമേ പുരോഗമനസാഹിത്യകൃതികൾ രചിക്കാനുള്ള അനുഭവതീവ്രത കൈവരിക്കാൻ കഴിയുകയുള്ളുവെന്നും വ്യക്തമാക്കപ്പെട്ടു. സമൂഹത്തിലെ അനീതികൾക്കും മർദ്ദനങ്ങൾക്കുമെതിരായി പോരാടുക മാത്രമല്ല, ഒരു സോഷ്യലിസ്റ്റു വ്യവസ്ഥിതി രൂപപ്പെടുത്താനുള്ള ആവേശവും സന്നദ്ധതയും ഉളവാക്കുന്ന സാഹിത്യം കൂടിയാണ് പുരോഗമനസാഹിത്യം എന്നു നിർവ്വചിക്കപ്പെട്ടു.

പുരോഗമനസാഹിത്യപ്രസ്ഥാനം ഭാരതത്തിൽ നാശോന്മുഖമായിക്കൊണ്ടിരുന്ന ഘട്ടത്തിലും കേരളത്തിന് അഭിമാനത്തിനു വകയുണ്ടായി. പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ ചൂടും ചൂരും ഉൾക്കൊണ്ട്, ഒ.എൻ.വി., വയലാർ തുടങ്ങി നിരവധി എഴുത്തുകാർ രംഗപ്രവേശം ചെയ്തു. പുരോഗമനസാഹിത്യപ്രസ്ഥാനത്തിൽ മൂന്നു വിധത്തിലുള്ള രചനാസങ്കേതങ്ങൾ ഇക്കൂട്ടർ ഉപയോഗപ്പെടുത്തിക്കാണുന്നു.

1. റെവല്യൂഷണറി സോഷ്യലിസം
2. ക്രിട്ടിക്കൽ റിയലിസം
3. സോഷ്യലിസ്റ്റു റിയലിസം.

## പ്രത്യയശാസ്ത്രം(Ideology)

'Ideology' എന്ന പദത്തിനു സമാനമായി ഭാഷയിൽ 'പ്രത്യയശാസ്ത്രം' എന്ന സംജ്ഞ സ്വീകരിച്ചിരിക്കുന്നു. സാമൂഹ്യരാഷ്ട്രീയ വ്യവസ്ഥയുടെ അടിസ്ഥാനരൂപീകരണത്തിന് ഒരു ജനതയെ കർമ്മോന്മുഖരാക്കിത്തീർക്കാനുതകുന്ന വിശ്വാസങ്ങളേയും സിദ്ധാന്തങ്ങളേയുമാണ് 'പ്രത്യയശാസ്ത്രം' എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത് [26]. നല്ലത് എന്നു പൊതുവിൽ വിശ്വസിക്കുന്നതും, തെറ്റെന്നോ ശരിയെന്നോ പറയാനാവാത്തതുമായ ആശയങ്ങളുടെ വ്യൂഹത്തെ നരവംശശാസ്ത്രകാരന്മാർ 'പ്രത്യയശാസ്ത്രം' എന്നു വിളിക്കുന്നു. ഒരു കവിയെ - പുരോഗമനപ്രസ്ഥാന കവിയെ - സംബന്ധിച്ചിടത്തോളം സമൂഹത്തെ പുരോഗതിയിലേക്കു നയിക്കുന്നതിന് അദ്ദേഹം സ്വീകരിക്കുന്ന ദർശനങ്ങളും ജീവിതവീക്ഷണങ്ങളും തത്വചിന്തകളുമൊക്കെ പ്രത്യയശാസ്ത്രത്തിന്റെ പരിധിയിൽ പെടും. എന്തിന്, ജീവിതത്തെ ജീവിതവ്യമാക്കിത്തീർക്കാനുതകുന്ന വ്യവസ്ഥകളും ദർശനങ്ങളും മാത്രമല്ല, പരിസ്ഥിതിചിന്തകൾ പോലും ഇന്നു പ്രത്യയശാസ്ത്രരൂപം പൂണ്ടിരിക്കുന്നു.

1845 -1857 കാലത്ത് മാർക്സും ഏംഗൽസും ചേർന്നു വികസിപ്പിച്ചെടുത്ത

26. *Ideology - A system of beliefs or theories that usually serves as a guide to action and that may form the basis of a socio - Political Program - Encyclo paedia Britanica - Vol.6, William Benton, Uty of chicago -1980.*

ഒരാശയമാണ് - 'പ്രത്യയശാസ്ത്രം' ഇവരുടെ 'ജർമ്മൻ പ്രത്യയശാസ്ത്രം' എന്ന ഗ്രന്ഥത്തിൽ മനുഷ്യന്റെ ബോധം സാമ്പത്തികമായ അടിത്തറയാൽ നിയന്ത്രിക്കപ്പെടുന്നു .എന്ന സിദ്ധാന്തമുണ്ട്. ഭൗതിക യാഥാർത്ഥ്യം മനുഷ്യമസ്തിഷ്ക്കത്തിൽ പ്രതിഫലിക്കുന്നതിന്റെ ഫലമാണ് ആശയങ്ങൾ എന്ന് അവർ വാദിക്കുന്നു. ആശയങ്ങളെ മേല്പുരയായും അവയ്ക്കാധാരമായ സാമ്പത്തികശക്തികളെ അടിത്തറയായും മാർക്സ് വിവരിച്ചു. ആശയത്തിൽ നിന്നു പ്രയോഗമുണ്ടാവുകയല്ല, മറിച്ച് ഭൗതികമായ പ്രയോഗങ്ങളിൽ നിന്ന് ആശയങ്ങളുണ്ടാകുകയാണ്. അവബോധമല്ല, സാമൂഹ്യാസ്തിത്വമാണ് മനുഷ്യന്റെ അവബോധത്തെ നിയന്ത്രിക്കുന്നതെന്നും മാർക്സ് വെളിപ്പെടുത്തി.

മനുഷ്യൻ സാഹചര്യങ്ങളുടെ സൃഷ്ടി മാത്രമല്ല, അവൻ സാഹചര്യങ്ങളുടെ സ്രഷ്ടാവു കൂടിയാണ്. സാഹചര്യങ്ങളുടെ സൃഷ്ടി എന്ന നിലയിൽ സാഹചര്യ സംജാതമായ ചിന്തകളാണ് അവനിൽ ഉണ്ടായിരിക്കുക. എന്നാൽ, സാഹചര്യങ്ങളുടെ സ്രഷ്ടാവായിത്തീരണമെങ്കിൽ വിപ്ലവകരമായ ചിന്തയും ഈ ചിന്തയ്ക്കനുസരിച്ച കർമ്മകുശലതയും ആവശ്യമാണ്. ജീവിതസാഹചര്യങ്ങളെ മാറ്റിത്തീർക്കുവാൻ വേണ്ടി സാഹിത്യകാരൻ പ്രത്യയശാസ്ത്രങ്ങൾ സ്വീകരിക്കുന്നു.

ജീവിതത്തെ സംബന്ധിച്ച് ഏതെങ്കിലുമൊരു പ്രത്യയശാസ്ത്രം ഓരോ എഴുത്തുകാരനും (കലാകാരനും) ഉണ്ടായിരിക്കും, ജീവിതനിയമമായി. അത് അയാളുടെ ജീവിതവീക്ഷണത്തെ രൂപപ്പെടുത്തുന്നു. ആ ജീവിതവീക്ഷണം അയാളുടെ കലാസൃഷ്ടിയിൽ മുദ്രപതിപ്പിക്കുകയും ചെയ്യും. ജീവിതവീക്ഷണം രണ്ടു തരത്തിലാകാം.ഒന്ന്, മനുഷ്യജീവിതത്തെ പുരോഗതിയിലേയ്ക്കു നയിക്കുന്നതും പ്രകാശമാനമാക്കുന്നതും രണ്ട്, യാഥാസ്ഥിതികവും മാറ്റങ്ങൾക്കു വിധേയമാകാൻ വിസമ്മതിക്കുന്നതും.

ജനതയെ മുന്നോട്ടു നയിക്കുവാനുതകുന്ന ദർശനങ്ങളും ആശയങ്ങളും ജീവിതവീക്ഷണങ്ങളുമൊക്കെ പ്രത്യയശാസ്ത്രത്തിന്റെ പരിധിയിൽപെടും. മാർക്സിസത്തിന്റെ ചിന്തകൾക്കാണ് മാറ്റം സൃഷ്ടിക്കാൻ കഴിവുള്ളത് എന്നൊരു ധാരണ എന്തുകൊണ്ടോ മലയാളികൾക്കിടയിൽ പ്രബലമായി. മലയാളത്തിൽ 'പ്രത്യയശാസ്ത്രം' എന്ന പദത്തിന് അതുകൊണ്ടുതന്നെ മാർക്സിയൻ ചിന്തകളും ദർശനങ്ങളും എന്നൊരർത്ഥം കൂടി വന്നുചേർന്നു. ഭൂരിപക്ഷം വരുന്ന ജനസാമാന്യത്തിന്റെ ഉന്നമനത്തിനുള്ള ഏകമാർഗ്ഗം മാർക്സിസം മാത്രമാണെന്ന് ധാരണയാകാം ഇതിന്റെ പിന്നിലുള്ളത്. മലയാളത്തിൽ പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ ആവിർഭാവ

ത്തോടെയാണ് വിപ്ലവചിന്തകൾ സാഹിത്യത്തിൽ കടന്നുവരുന്നത്.

ജാതിവ്യവസ്ഥയേയും വർഗ്ഗീയതയേയുമെല്ലാം മനസ്സിലാക്കാൻ മാർക്സിസം നമ്മെ സഹായിക്കുന്നുണ്ട്. പ്രത്യയ ശാസ്ത്രങ്ങൾ വർഗ്ഗപരം മാത്രമല്ല, ആശയങ്ങൾ, വിശ്വാസങ്ങൾ, ലോകവീക്ഷണങ്ങൾ, ഐതിഹ്യങ്ങൾ, പുരാണങ്ങൾ, ചൊല്ലുകൾ ഇവയിലൂടെയൊക്കെ വെളിപ്പെടുന്നതും ലോകവുമായുള്ള നമ്മുടെ ബന്ധത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്നതുമായ വ്യവസ്ഥകൾ എന്ന നിലയിൽ എല്ലാ മണ്ഡല ങ്ങളിലും ഗണ്യമായ സ്വാധീനം ചെലുത്തുന്നുണ്ട്. ജാതി വ്യവസ്ഥയെ പുനരുല്പാ ദിപ്പിക്കുന്നതിൽ അവ വഹിക്കുന്ന പങ്ക് അൽത്തൂസർ, ലെക്ലാവു, ഗൊറാൻ തെർബോൺ തുടങ്ങിയവരുടെ പഠനങ്ങൾ പുറത്തുകൊണ്ടുവന്നിട്ടുണ്ട്. പ്രത്യയശാ സ്ത്രങ്ങളുടെ മൂർത്തരൂപങ്ങളാണ് സ്ഥാപനങ്ങൾ - കുടുംബം, മതം, ജാതി, വംശം, വർഗ്ഗം , വിദ്യാലയം, കോടതി, പത്രം, സിനിമ, ടെലിവിഷൻ തുടങ്ങിയവ മാത്രമല്ല അവയുടെ മേൽ സ്ഥാപിക്കപ്പെടുന്ന ഭരണകൂടവും.

കലാസൃഷ്ടികൾ ഒരു പ്രത്യേക കാലഘട്ടത്തിന്റെ സാമാന്യപ്രത്യയശാസ്ത്ര ങ്ങളെ വെറുതെ പുനരുല്പാദിപ്പിക്കുകയല്ല, മറിച്ച് അസംസ്കൃതവസ്തുക്കളായി എടുക്കുകയാണ് ചെയ്യുന്നത്. വ്യക്തികൾക്ക് അവരുടെ അസ്തിത്വത്തിന്റെ യഥാർത്ഥാവസ്ഥകളോടുള്ള ഭാവനാത്മക ബന്ധങ്ങളാണ് പ്രത്യയ ശാസ്ത്രങ്ങൾ. വ്യക്തികളെ സ്വയം തന്നെ വ്യവസ്ഥാനുകൂലമായി പ്രവർത്തിക്കുന്ന വിഷയികളായി ഉല്പാദിപ്പിക്കുകയാണ് (ഗ്രാംഷിയുടെ ഭാഷയിൽ 'സമ്മതം' നൽകുന്ന പ്രജകൾ) പ്രത്യയശാസ്ത്രങ്ങളുടെ ലക്ഷ്യം. ശാസ്ത്രത്തിന്റെ ധർമ്മം വസ്തുതകളുടെ യഥാർത്ഥപ്രകൃതം വിവരിക്കുകയാണ്. പ്രത്യയശാസ്ത്രത്തിന്റെ ധർമ്മം സാമൂഹി കമായ 'അധീശത്വ'ത്തിന്റെ രൂപങ്ങൾ പുനരുല്പാദിപ്പിക്കുകയാണ്. കല, (സാഹി ത്യം) പ്രത്യയശാസ്ത്രത്തെ ക്കുറിച്ച് വെറുതെ വിജ്ഞാനം നൽകുകയല്ല, മറിച്ച് പ്രത്യ യശാസ്ത്രത്തെ പ്രത്യക്ഷമാക്കി അതിനെ അനുഭവിപ്പിക്കുകയാണ് ചെയ്യുന്നത്.

തൊഴിലാളിവർഗ്ഗത്തിന്റെ ആശയങ്ങൾ അവതരിപ്പിച്ചവരാണ് മാർക്സും, എംഗൽസും. 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യം വരെ നിലനിന്ന മുതലാളിത്തവ്യവസ്ഥിതിയെ അവർ സമൂലം പരിശോധിച്ചു. അതിന്റെ ഉല്പത്തിവികാസങ്ങളെയും ജീർണ്ണത, നാശം ഇവയെക്കുറിച്ചും സമീചീനമായ സങ്കല്പം ആവിഷ്ക്കരിച്ചു. 'തത്വചിന്തക ന്മാർ ഇതുവരെ വിവിധ രീതിയിൽ ലോകത്തെ വ്യാഖ്യാനിച്ചിട്ടേ ഉള്ളു ; അതിനെ മാറ്റിത്തീർക്കുകയാണ് നമ്മുടെ ലക്ഷ്യം [27]'- അവർ പറഞ്ഞു.

---

27. *Collected works in 3 volumes - Vol.I- page 15. Marx and Engels.*

മുതലാളിത്തം ലോകത്തിൽ യാദൃശ്ചികമായി ഉണ്ടായതല്ല. മനുഷ്യന്റെ പ്രയത്നവും പ്രകൃതിയും തമ്മിലുള്ള പ്രവർത്തന - പ്രതിപ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടായതാണ്. മനുഷ്യൻ പ്രകൃതിയോടു വിധേയത്വം പുലർത്തി അതിനെ മെരുക്കാനും അതിനോടു സ്വയം മെരുങ്ങാനും, ചുറ്റുപാടുകളെ മാറ്റി മറിയ്ക്കാനും ചുറ്റുപാടുകൾക്കനുസരിച്ച് സ്വയം മാറാനും വിധിക്കപ്പെട്ടവനാണ്.

മാനവികതാ ( Humanism ) സങ്കല്പത്തിലധിഷ്ഠിതമാണ് മാർക്സിയൻ ദർശനം. ചൂഷിതന്റെ ഉന്നമനത്തിനു വേണ്ടിയുള്ള യത്നമത്രേ യഥാർത്ഥമാനവികത. അവരുടെ ഉയർച്ചയ്ക്ക് എതിർ നിൽക്കുന്ന യാഥാസ്ഥിതികസങ്കല്പങ്ങളോടു വിപ്ലവം തന്നെയാകാം - മാർക്സ് അഭിപ്രായപ്പെട്ടു. താൻ ജീവിക്കുന്ന ജീവിതവ്യവസ്ഥകൾ ഒരിക്കലും മാറ്റപ്പെടുകയില്ലെന്നു മനുഷ്യൻ വിശ്വസിച്ചു. എന്നാൽ, മനുഷ്യൻ ജീവിക്കുന്ന ജീവിത വ്യവസ്ഥകളോരോന്നും മാറ്റങ്ങൾക്കു വിധേയമാണെന്ന് മാർക്സിസം വെളിവാക്കി. അത് മനുഷ്യരുടെ അന്നോളമുള്ള വിശ്വാസങ്ങളെ മാറ്റി മറിയ്ക്കുന്നതായിരുന്നു. മുതലാളിത്ത വ്യവസ്ഥിതി ചരിത്രഗതിയിലെ ഒരദ്ധ്യായം മാത്രമാണ്. "മുതലാളിത്തം ജനിച്ചത് അതിനെ നശിപ്പിക്കാനുള്ള ശക്തിക്കു കൂടി ജന്മം നൽകിക്കൊണ്ടാണ്. തൊഴിലാളി വർഗ്ഗമാണ് ആ ശക്തി. മുതലാളിത്തം വളരുകയും വികസിക്കുകയും ചെയ്യുന്നതോടെ തൊഴിലാളികളുടെ എണ്ണം പെരുകുകയും അവർ അന്യോന്യമടുത്തിണങ്ങി സംഘടിച്ചു കൂടുതൽ ശക്തരായിത്തീരുകയും ചെയ്യുന്നു. ഒടുവിൽ മുതലാളിത്തത്തെ തന്നെ സ്ഥാനഭ്രഷ്ടമാക്കാനുള്ള കരുത്ത് തൊഴിലാളിവർഗ്ഗം നേടും. അതൊരനിവാര്യതയാകുന്നു. തൊഴിലാളിവർഗ്ഗവിപ്ലവത്തിലൂടെ മുതലാളിത്തത്തിന്റെ ആധിപത്യം അവസാനിപ്പിക്കുന്നു [28]".

ലോകത്തു കാണുന്ന വ്യവസ്ഥകളൊക്കെ ഓരോതരം വിപ്ലവത്തിലൂടെയാണ് രൂപമെടുത്തിട്ടുള്ളത്. മുതലാളിവർഗ്ഗാധിപത്യത്തെ മാറ്റി പകരം തൊഴിലാളിവർഗ്ഗാധിപത്യം സ്ഥാപിക്കുക എന്നത് ഒരു പുതിയതരം വിപ്ലവമാണ്. ചൂഷണ ശൃംഖല ഏതു വ്യവസ്ഥയിലും തുടർന്നുകൊണ്ടേയിരുന്നു. എന്നാൽ, തൊഴിലാളിവർഗ്ഗവിപ്ലവം എല്ലാ വർഗ്ഗങ്ങളേയും ഇല്ലായ്മ ചെയ്യാനുള്ള ചൂഷണത്തെ എന്നെന്നേയ്ക്കുമായി അവസാനിപ്പിക്കാനുള്ള വിപ്ലവമാണെന്ന് മാർക്സും ഏംഗൽസും പ്രസ്താവിച്ചു.

മതസങ്കല്പത്തെക്കുറിച്ചും മാർക്സിനു പുച്ഛമാണ്. 'മതത്തെ മനുഷ്യനാണുണ്ടാക്കിയത് ; അല്ലാതെ മതമല്ല മനുഷ്യനെ ഉണ്ടാക്കിയത് '. മനുഷ്യചിന്തയിൽ മത

28. *Quoted by എം. ആർ. ചന്ദ്രശേഖരൻ, . - സത്യവും കവിതയും - കമ്മ്യൂണിസ്റ്റ് മാനിഫസ്റ്റോ - SPCS - 1979 പുറം11- 12*

ത്തിനുണ്ടായിരുന്ന മേധാവിത്വത്തെ മാർക്സിസം പാടേ നിരാകരിച്ചു. 'മനുഷ്യമഹത്വത്തെ അംഗീകരിക്കാത്ത സ്വർഗ്ഗസ്ഥരോ ഭൂലോകസ്ഥിതരോ ആയ യാതൊരു ഈശ്വരന്മാരെയും അംഗീകരിക്കില്ലെന്ന് ഡോക്ടർ ബിരുദത്തിനു വേണ്ടി തയ്യാറാക്കിയ ഗവേഷണപ്രബന്ധത്തിൽ എഴുതിവച്ചു മാർക്സ് [29] '.

മാർക്സിന്റെ കാലംവരെ നിലനിന്നിരുന്ന വീക്ഷണം മേല്പുരയ്ക്കു (Super - structure ) പ്രാധാന്യം നൽകികൊണ്ടുള്ളതായിരുന്നു. ആശയങ്ങളും വിശ്വാസങ്ങളും സങ്കല്പങ്ങളും ഉൾപ്പെട്ട മേല്പുരയാണ് പ്രധാനം. അവയുടെ പ്രതിഫലനം മാത്രമാണു ഭൗതികസാഹചര്യങ്ങൾ - ഉല്പാദനസംവിധാനങ്ങൾ. 'സമുദായത്തിന്റെ നിലനിൽപിനുള്ള സമ്പത്തുല്പാദിപ്പിക്കുന്ന സംവിധാനവും, അതിന്റെ നിലനിൽപും മനുഷ്യരുടെ ആചാരോപചാരങ്ങളും ചിന്താഗതികളുമെല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. അടിത്തറ (Base) യുടെ പ്രതിഫലനമാണ് മേല്പുരയിലുള്ളത്. ഇത് മാർക്സിന്റെയും ഏംഗൽസിന്റെയും അഭിദർശനത്തിന്റെ അസ്തിവാരമാണ്. [30]'

ലോകത്തിന്റെ പുനഃസൃഷ്ടിയുടെ ശാസ്ത്രമാണ് മാർക്സിസം. ഇന്നലെവരെ ശാശ്വതങ്ങളെന്നു നാം ധരിച്ചിരുന്ന സംവിധാനങ്ങളൊക്കെത്തന്നെ ഉടച്ചുവാർക്കപ്പെടേണ്ടവായണെന്ന മാർക്സിന്റെ സിദ്ധാന്തം യാഥാസ്ഥിതികരെ ഞെട്ടിച്ചു. സാഹിത്യത്തെക്കുറിച്ചും മാർക്സിനു വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. സാഹിത്യം കേവലം വിനോദോപാധിയല്ല. മനുഷ്യന്റെ മഹനീയസിദ്ധികളിലൊന്നാണത്. മനുഷ്യസമുദായത്തെ പരിവർത്തനോന്മുഖമാക്കാനും അഭ്യുന്നതിയിലേയ്ക്കു നയിക്കാനുമുള്ള ഉപാധികൂടിയാണ് അത്. ശുദ്ധകലാവാദത്തെ മാർക്സിസം നിരാകരിക്കുന്നു. എഴുത്തുകാരന്റെ സർവതന്ത്രസ്വതന്ത്രത എന്ന അവകാശവാദവും മാർക്സിസത്തിനു സ്വീകാര്യമല്ല. സമുദായത്തോടു പ്രതിബദ്ധതയില്ലാത്ത സ്വതന്ത്രവ്യക്തി എന്ന സങ്കല്പം മാർക്സിസത്തിന് അന്യമാണ്. സാഹിത്യകാരൻ സത്യത്തെയാണുപാസിക്കേണ്ടത്. കലയിൽ പ്രമാണം എഴുത്തുകാരന്റെ പക്ഷപാതങ്ങളല്ല, പ്രത്യുത യാഥാർത്ഥ്യത്തോടുള്ള കൂറാണ്. മാർക്സിസം സാഹിത്യത്തിലെപ്പോഴും റിയലിസത്തിന്റെ പക്ഷത്താണ്. സത്യം അപ്രിയമായിരിക്കാം. പക്ഷേ, കലയിൽ സത്യം തന്നെയായിരിക്കണം പ്രമാണം. മാർക്സിനും ഏംഗൽസിനും മാത്രമല്ല, ലെനിനും ഇതേ അഭിപ്രായമാണുള്ളത്. ടോൾസ്റ്റായി റഷ്യൻ വിപ്ലവസ്ഥിതിഗതികളെ സത്യസന്ധമായി സ്വന്തം കൃതികളിലാവിഷ്ക്കരിച്ചപ്പോൾ 'റഷ്യൻ വിപ്ലവത്തിന്റെ കണ്ണാടി' എന്നാണു

---

*29. എം. ആർ. ചന്ദ്രശേഖരൻ, - സത്യവും കവിതയും - SPCS - 1979 പുറം -10.*

*30. ടി. പുസ്തകം - പുറം -10.*

ലെനിൻ വിശേഷിപ്പിച്ചത്. 'ചുരുക്കത്തിൽ റിയലിസത്തോടുള്ള കൂറ് ; ഇരുട്ടിന്നിടയ്ക്കായാലും അല്പം വെളിച്ചമുണ്ടെങ്കിൽ അതു കാണാനുള്ള കണ്ണ് - ഇതു രണ്ടുമായാൽ മാർക്സിസ്റ്റു സാഹിത്യദർശനത്തിന്റെ പ്രധാനപ്പെട്ട ഒരംശമായി'. [31]

മാർക്സിയൻ സാഹിത്യദർശനത്തിൽ എടുത്തു പറയേണ്ട ഒന്നാണ് സോഷ്യലിസ്റ്റു റിയലിസത്തിന്റെ പ്രാധാന്യം. റിയലിസത്തിനു ഗുണപരമായ ഒരു മാനം കൂടി നൽകിയാൽ സോഷ്യലിസ്റ്റുറിയലിസമായി. 'ഇത് ഭാവിയെക്കൂടി വിഭാവനം ചെയ്യുന്നു. ചരിത്രത്തിലെ ഓരോ നിമിഷവും ഭൂതത്തോടു മാത്രമല്ല, ഭാവിയിൽ വരാനിരിക്കുന്ന കാര്യങ്ങളോടും ബന്ധപ്പെട്ടു നിൽക്കുന്നു. വസ്തുതകൾക്കു മാറ്റമില്ലാതെ നിൽക്കുമെങ്കിലും വീക്ഷണത്തിന്റെ പ്രത്യേകതയനുസരിച്ചു ചരിത്രത്തിലെ പ്രത്യേകനിമിഷത്തിന്റെ അർത്ഥം മാറുന്നു. [32]'

റഷ്യൻ സാഹചര്യങ്ങളിൽ സോഷ്യലിസ്റ്റുറിയലിസത്തിന്റെ അർത്ഥത്തെക്കുറിച്ചു മാക്സിംഗോർക്കി പറയുന്നു : 'ബൂർഷ്വാസാഹിത്യത്തിലെ റിയലിസം വിമർശനാത്മകമാണ്. ശരി തന്നെ. പക്ഷേ, വിമർശനം എത്രത്തോളം ? അവരുടെ (ബൂർഷ്വാകളുടെ) ഭരണത്തെ ഉറപ്പിച്ചുനിർത്തുന്നതിലേയ്ക്കു; തങ്ങളുടെ തെറ്റിനെ എത്രത്തോളം വെളിച്ചത്തുകൊണ്ടുവരണമോ അത്രമാത്രം. എന്നാൽ സോഷ്യലിസ്റ്റു റിയലിസം 'പഴയലോക' ത്തിന്റെ അവശിഷ്ടങ്ങൾക്കും, അതിന്റെ അത്യന്തം ദോഷകരമായ സ്വാധീനങ്ങൾക്കും എതിരായും, അവയുടെ ദൂരീകരണത്തിനു വേണ്ടിയും ഉള്ള സമരത്തിലേർപ്പെട്ടിരിക്കുന്നു .................... സോഷ്യലിസ്റ്റുറിയലിസത്തിന്റെ മുഖ്യകടമ, സോഷ്യലിസ്റ്റും വിപ്ലവപരവുമായ ഒരു ലോകവീക്ഷണവും ഓരേകലോകാദർശവും വളർത്തുകയാകുന്നു. [33] സാഹിത്യം വിപ്ലവമഹായന്ത്രത്തിലെ ചക്രങ്ങളും ആണികളുമാണെന്ന് ലെനിനും നിർദ്ദേശിച്ചുണ്ട്.

പുരോഗമനസാഹിത്യപ്രസ്ഥാനത്തിലെ കവികൾ അനുവർത്തിച്ചുപോന്ന കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ ആശയങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

1. അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ജീവിതകഥകൾക്ക് ഇതിവൃത്തത്തിലുള്ള സ്ഥാനം.
2. സഹജീവിസ്നേഹത്തിലധിഷ്ഠിതമായ മാനവികതാവാദം.

---

31. *എം. ആർ. ചന്ദ്രശേഖരൻ, - സത്യവും കവിതയും - SPCS - 1979 പുറം -21.*
32. *Earnest Fischer - The necessaity of Art - P -112-113 -Quoted by M.R. Chandrasekharan, - സത്യവും കവിതയും - പുറം 22-23.*
33. *Maxim Gorky - On Literature - Progressive Publishers , P. 395.*

3. യാഥാസ്ഥിതികത്വത്തിന്നെതിരായുള്ള വെല്ലുവിളി.

4. നിലവിലുള്ള അസമത്വങ്ങളെ തച്ചുടയ്ക്കണമെന്നും ഉടച്ചുവാർക്കണമെന്നുമുള്ള അദമ്യമായ അഭിവാഞ്ഛ.

5. വിപ്ലവത്തിലൂടെ തിരുത്തപ്പെടുവാനും മംഗളകരമായ നാളേയ്ക്കും വേണ്ടിയുള്ള ആഹ്വാനം.

6. വർഗ്ഗരഹിതസമൂഹത്തിനു വേണ്ടിയുള്ള മുറവിളി.

7. മതപൗരോഹിത്യങ്ങളുടെ തച്ചുടയ്ക്കൽ.

8. മതനിഷേധം, ദൈവനിഷേധം, മാനവമഹനീയതയുടെ ഉദ്ഘോഷണം.

9. എവിടെയും മർദ്ദിതനോടു പക്ഷം ചേരൽ.

10. ജീവിയ്ക്കാനുള്ള (സുഖമായി)അവകാശം എല്ലാവർക്കും തുല്യമാണെന്നും അതിന്നെതിരായി നിൽക്കുന്നതെന്തും തകർക്കപ്പെടണമെന്നുമുള്ള ആഹ്വാനം.

11. യഥാർത്ഥജനാധിപത്യം തൊഴിലാളിസർവാധിപത്യം മാത്രമാണെന്ന നിശ്ചയദാർഢ്യം.

12. മാനവികതയുടെ ഭാഗമായ പരിസ്ഥിതിപ്രശ്നം.

13. സമൂഹത്തിലെ സ്ത്രീത്വത്തിന്റെ നീറുന്ന പ്രശ്നങ്ങൾ.

14. മനുഷ്യന്റെ കർമ്മശേഷിയെ അംഗീകരിക്കാത്ത യാതൊരു ശക്തികളേയും അംഗീകരിക്കില്ലെന്നും മനുഷ്യനാണ് അജയ്യനെന്നുമുള്ള വിശ്വാസം.

ഇവിടെ പഠനവിധേയ ്രാകുന്ന കവികൾ രണ്ടും - വയലാറും ഒ.എൻ.വിയും - പ്രത്യയശാസ്ത്രരൂപേണ കമ്മ്യൂണിസത്തേയും മാർക്സിയൻ ചിന്താപദ്ധതികളേയും ഉൾക്കൊണ്ടവരാണ്. ആ നിലയ്ക്ക് അവർക്ക് അതിനു പ്രേരകമായ അനുഭവങ്ങളോ ജീവിതസാഹചര്യങ്ങളോ, പരിതസ്ഥിതികളുടെ സമ്മർദ്ദമോ, പാരമ്പര്യാർജ്ജിതസംസ്കാരത്തിന്റെ തികവോ കാരണമായിത്തീർന്നിട്ടുണ്ടോ എന്ന അന്വേഷണമാണ് തുടർന്നു നടത്തുന്നത്. തന്റെ സഞ്ചിതസംസ്ക്കാരത്തെ തള്ളിക്കളഞ്ഞുകൊണ്ടുള്ള നിലനിൽപ് ഒരു സാഹിത്യകാരനും ഉണ്ടാകില്ല തന്നെ. 'ഞങ്ങൾ പഠിച്ച കാലവും രീതിയും ശീലും ശൈലിയുമൊക്കെ ചേർന്ന സഞ്ചിതസംസ്കാരം കവിവ്യക്തിത്വത്തിൽ കലർന്നത് പാമ്പു പടംപൊഴിക്കുംപോലെ ഉപേക്ഷിക്കാനാവില്ല.[34]

---

*34. ഒ.എൻ.വി. - ഭാഷാപോഷിണി - ലക്കം 10, മാർച്ച് 97, പുറം -6*